# ഇസ്‌ലാം

## സൗഭാഗ്യത്തിന്റെ മതം

ശൈഖ് മുഹമ്മദ് ബിൻ ഹിസാം
അൽബഅ്ദാനി

الحمد لله والصلوة والسلام على رسول الله وعلى أله وأصحابه ومن والاه أما بعد:

അല്ലാഹു തന്റെ നബിയായ മുഹമ്മദ്صلى الله عليه وسلم യെ സത്യമതവും സൻമാർഗവും പ്രകാശവും കാരുണ്യവുമായി നിയോഗിച്ചിരിക്കുന്നു. അല്ലാഹു تعالى പറഞ്ഞു

هُوَ الَّذِي بَعَثَ فِي الْأُمِّيِّينَ رَسُولًا مِنْهُمْ يَتْلُو عَلَيْهِمْ آيَاتِهِ وَيُزَكِّيهِمْ وَيُعَلِّمُهُمُ الْكِتَابَ وَالْحِكْمَةَ وَإِنْ كَانُوا مِنْ قَبْلُ لَفِي ضَلَالٍ مُبِينٍ[1]

(അവനാകുന്നു നിരക്ഷരരായ ആളുകൾക്കിടയിൽ അവരിൽ നിന്ന് തന്നെയായി ഒരു പ്രവാചകനെ നിയോഗിച്ചത്. അദ്ദേഹം അവർക്കു മേൽ തന്റെ ദൃഷ്ടാന്തങ്ങൾ ഓതിക്കേൾപ്പിക്കുകയും അവരെ സംസ്കരിക്കുകയും അവർക്ക് വേദഗ്രന്ഥവും വിജ്ഞാനവും പഠിപ്പിച്ചു കൊടുക്കുകയും ചെയ്യുന്നു. നിശ്ചയമായും മുമ്പ് അവർ വ്യക്തമായ വഴികേടിലായിരുന്നു.)

وَمَنْ يَبْتَغِ غَيْرَ الْإِسْلَامِ دِينًا فَلَنْ يُقْبَلَ مِنْهُ وَهُوَ فِي الْآخِرَةِ مِنَ الْخَاسِرِينَ[2]

(ആരാണോ ഇസ്‌ലാമല്ലാത്ത മറ്റുവല്ലതിനേയും മതമായി ആഗ്രഹിക്കുന്നത്, അത് അവന്റെ അടുത്ത് നിന്ന് സ്വീകരിക്കപ്പെടുകയില്ല; അവൻ മരണാനന്തര ജീവിതത്തിൽ നഷ്ടക്കാരിൽ ആയിരിക്കുകയും ചെയ്യും.)

وَمَا أَرْسَلْنَاكَ إِلَّا رَحْمَةً لِلْعَالَمِينَ[3]

(നിന്നെ സകല ലോകർക്കും ഒരു കാരുണ്യമായിക്കൊണ്ടല്ലാതെ നാം നിയോഗിച്ചിട്ടില്ല.)

- ഇസ്‌ലാം മതമാകുന്നു അല്ലാഹു തന്റെ അടിമകൾക്ക് മേൽ നിർബന്ധമാക്കുകയും അവർക്കായി തൃപ്തിപ്പെടുകയും ചെയ്തിട്ടുള്ള മതം, മറ്റൊരു മതത്തെയും അവൻ തൃപ്തിപ്പെട്ടിട്ടില്ല. അല്ലാഹു പറഞ്ഞു

  الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا[4]

  (ഇന്നേ ദിവസം ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതത്തെ പൂർത്തിയാക്കിത്തരികയും നിങ്ങൾക്ക മേൽ എന്റെ അനുഗ്രഹത്തെ പൂർത്തിയാക്കുകയും നിങ്ങൾക്ക് ഇസ്‌ലാമിനെ മതമായി തൃപ്തിപ്പെട്ടു തരികയും ചെയ്തിരിക്കുന്നു.)

---

[1] ഖുർആൻ 62:2

[2] ഖുർആൻ 3:85

[3] ഖുർആൻ 21:107

[4] ഖുർആൻ 5:3

- ആരാണോ ഇസ്ലാം മതത്തിൽ ഉറച്ചു നിൽക്കുന്നത്, അവന് ഹൃദയവിശാലതയും മനസ്സമാധാനവും അനുഭവിക്കാൻ സാധിക്കും. അവന് മഹത്തായ സൗഭാഗ്യത്തിൽ ജീവിക്കാൻ സാധിക്കും.

അല്ലാഹു പറയുന്നു

فَمَنْ يُرِدِ اللَّهُ أَنْ يَهْدِيَهُ يَشْرَحْ صَدْرَهُ لِلْإِسْلَامِ وَمَنْ يُرِدْ أَنْ يُضِلَّهُ يَجْعَلْ صَدْرَهُ ضَيِّقًا حَرَجًا كَأَنَّمَا يَصَّعَّدُ فِي السَّمَاءِ[5]

(ആരെയാണോ അല്ലാഹു സൻമാർഗത്തിലാക്കാൻ ഉദ്ദേശിക്കുന്നത്, ഇസ്ലാമിനു വേണ്ടി അവന്റെ ഹൃദയത്തെ അല്ലാഹു വിശാലമാക്കിക്കൊടുക്കും. ആരെയാണോ അവൻ വഴിതെറ്റിക്കാൻ ഉദ്ദേശിക്കുന്നത് അവന്റെ ഹൃദയത്തെ ആകാശത്തേക്ക് കയറിപ്പോകുന്നവനെന്ന പോലെ അല്ലാഹു ഞെരുക്കമുള്ളതാക്കി മാറ്റും.)

فَمَنِ اتَّبَعَ هُدَايَ فَلَا يَضِلُّ وَلَا يَشْقَى() وَمَنْ أَعْرَضَ عَنْ ذِكْرِي فَإِنَّ لَهُ مَعِيشَةً ضَنْكًا وَنَحْشُرُهُ يَوْمَ الْقِيَامَةِ أَعْمَى ( ) قَالَ رَبِّ لِمَ حَشَرْتَنِي أَعْمَى وَقَدْ كُنْتُ بَصِيرًا () قَالَ كَذَلِكَ أَتَتْكَ آيَاتُنَا فَنَسِيتَهَا وَكَذَلِكَ الْيَوْمَ تُنْسَى[6]( )

(ആരാണോ എന്റെ മാർഗദർശനം പിൻപറ്റുന്നത് അവന് വഴികേടോ ദൗർഭാഗ്യമോ ഉണ്ടാവുകയില്ല. ആരാണോ എന്റെ ഉദ്ബോധനത്തിൽ നിന്ന് തിരിഞ്ഞുകളയുന്നത് അവന് ഞെരുക്കമുള്ള ജീവിതമായിരിക്കുമുണ്ടാവുക, മരണാനന്തരം അവനെ നാം അന്ധനായിക്കൊണ്ട് ഉയർത്തെഴുന്നേല്പിക്കുകയും ചെയ്യും.അവൻ പറയും രക്ഷിതാവേ നീ എന്നെ അന്ധനായിക്കൊണ്ട് ഉയർത്തെഴുന്നേല്പിച്ചതെന്തേ? ഞാൻ കാഴ്ചയുള്ളവനായിരുന്നല്ലോ?. അപ്പോൾ അല്ലാഹു പറയും, നിന്റെ അടുക്കൽ നമ്മുടെ വചനങ്ങൾ വന്നെത്തിയപ്പോൾ നീ അവ മറന്നു കളഞ്ഞുവല്ലോ അതുപോലെ ഇന്നു നീയും വിസ്മരിക്കപ്പെടുന്നതാണ്.)

مَنْ عَمِلَ صَالِحًا مِنْ ذَكَرٍ أَوْ أُنْثَى وَهُوَ مُؤْمِنٌ فَلَنُحْيِيَنَّهُ حَيَاةً طَيِّبَةً وَلَنَجْزِيَنَّهُمْ أَجْرَهُمْ بِأَحْسَنِ مَا كَانُوا يَعْمَلُونَ[7]

(ആണോ പെണ്ണോ ആവട്ടെ, വിശ്വാസിയായിക്കൊണ്ട് ആരാണോ സൽക്കർമ്മങ്ങളനുഷ്ഠിക്കുന്നത്, അവന്ന നാം സന്തുഷ്ടമായ ജീവിതം നൽകുകയും അവൻ ചെയ്തു കൊണ്ടിരുന്നതിൽ വെച്ച് ഉത്തമമായതിനുള്ള പ്രതിഫലം നൽകുകയും ചെയ്യുന്നതാണ്.)

[5] ഖുർആൻ 6:125

[6] ഖുർആൻ 20:123,124,125,126

[7] ഖുർആൻ 16:97

- ഇസ്ലാം മതത്തിൽ ആരാണോ ഉറച്ചു നിൽക്കുന്നത്, അവൻ അല്ലാഹുവിന്റെ കാരുണ്യമുണ്ടെങ്കിൽ സ്വർഗപ്രവേശനത്തിന് അർഹത നേടി!

الْأَخِلَّاءُ يَوْمَئِذٍ بَعْضُهُمْ لِبَعْضٍ عَدُوٌّ إِلَّا الْمُتَّقِينَ () يَا عِبَادِ لَا خَوْفٌ عَلَيْكُمُ الْيَوْمَ وَلَا أَنْتُمْ تَحْزَنُونَ () الَّذِينَ آمَنُوا بِآيَاتِنَا وَكَانُوا مُسْلِمِينَ () ادْخُلُوا الْجَنَّةَ أَنْتُمْ وَأَزْوَاجُكُمْ تُحْبَرُونَ () يُطَافُ عَلَيْهِمْ بِصِحَافٍ مِنْ ذَهَبٍ وَأَكْوَابٍ وَفِيهَا مَا تَشْتَهِيهِ الْأَنْفُسُ وَتَلَذُّ الْأَعْيُنُ وَأَنْتُمْ فِيهَا خَالِدُونَ[8]

(അന്നേ ദിവസം സുഹൃത്തുക്കൾ പരസ്പരം ശത്രുക്കളായിരിക്കും, ഭക്തൻമാരായിരുന്നവരൊഴികെ. എന്റെ അടിമകളേ ഇന്നേ ദിവസം നിങ്ങൾ പേടിക്കുകയോ ദു:ഖിക്കുകയോ ചെയ്യേണ്ടതില്ല. (അഥവാ) എന്റെ വചനങ്ങളിൽ വിശ്വസിക്കുന്നവരും മുസ്ലിംകളുമായിരുന്നവർ. നിങ്ങളും നിങ്ങളുടെ ഇണകളും സന്തോഷത്തോടെ സ്വർഗത്തിൽ പ്രവേശിച്ചു കൊള്ളുക. അവിടെ അവർക്ക് ചുറ്റും സ്വർണത്തളികകളും പാനപാത്രങ്ങളുമായി (ഭൃത്യൻമാർ) വലം വെച്ചു കൊണ്ടിരിക്കും. അവർക്കവിടെ മനസ്സുകളാഗ്രഹിക്കുകയും കണ്ണിനു കുളിർമ്മ നൽകുകയും ചെയ്യുന്നതെല്ലാം ഉണ്ടായിരിക്കും. നിങ്ങളാകട്ടെ അതിൽ നിത്യവാസികളുമായിരിക്കും.)

- ആരാണോ ഇസ്ലാം മതത്തെ അവഗണിച്ചു തള്ളി, കാഫിറായിക്കൊണ്ട് മരിക്കുന്നത്, അവൻ തന്റെ മരണ ശേഷം ഖബ്റിലും ശാശ്വതമായി നരകത്തിലും ശിക്ഷിക്കപ്പെടും. അല്ലാഹു തന്റെ വിശുദ്ധ ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നു.

وَلَوْ تَرَى إِذِ الظَّالِمُونَ فِي غَمَرَاتِ الْمَوْتِ وَالْمَلَائِكَةُ بَاسِطُو أَيْدِيهِمْ أَخْرِجُوا أَنْفُسَكُمُ الْيَوْمَ تُجْزَوْنَ عَذَابَ الْهُونِ بِمَا كُنْتُمْ تَقُولُونَ عَلَى اللَّهِ غَيْرَ الْحَقِّ وَكُنْتُمْ عَنْ آيَاتِهِ تَسْتَكْبِرُونَ[9]

(ആ അക്രമികൾ (സത്യ നിഷേധികൾ) മരണവെപ്രാളത്തിൽപ്പെടുന്നത് നീയൊന്ന് കാണേണ്ടതാണ്. മലക്കുകൾ കൈകൾ നീട്ടിക്കൊണ്ട് :നിങ്ങളുടെ ആത്മാക്കളെ പുറത്തേക്ക് വിടൂ, അല്ലാഹുവിന്റെ പേരിൽ സത്യവിരുദ്ധമായത് പറഞ്ഞു കൊണ്ടിരുന്നതിനും അവന്റെ വചനങ്ങൾക്കും ദൃഷ്ടാന്തങ്ങൾക്കും നേരെ അഹന്ത കാട്ടിയതിനും ഇന്ന് നിങ്ങൾക്കു നിന്ദ്യതയുടെ ശിക്ഷ നൽകപ്പെടുന്നതാണ്.)

سَنُعَذِّبُهُمْ مَرَّتَيْنِ ثُمَّ يُرَدُّونَ إِلَى عَذَابٍ عَظِيمٍ[10]

(അവരെ നാം രണ്ടു പ്രാവശ്യം ശിക്ഷിക്കുന്നതാണ്, പിന്നീട് അതിഭയങ്കരമായ ശിക്ഷയിലേക്ക് അവരെ മടക്കുന്നതാണ്.)

[8] ഖുർആൻ 43: 66,67,68,69,70,71

[9] ഖുർആൻ 6: 93

[10] ഖുർആൻ 9: 101

അഥവാ, ഒരു പ്രാവശ്യം ഭൗതിക ജീവിതത്തിലെ പ്രയാസങ്ങൾ കൊണ്ടും പിന്നീട് ഖബ്‌റിലും ശിക്ഷിച്ച ശേഷം നരകശിക്ഷയിലേക്ക് കൊണ്ടു പോകും, അല്ലാഹു നമ്മെ കാത്തു രക്ഷിക്കട്ടെ!

النَّارُ يُعْرَضُونَ عَلَيْهَا غُدُوًّا وَعَشِيًّا وَيَوْمَ تَقُومُ السَّاعَةُ أَدْخِلُوا آلَ فِرْعَوْنَ أَشَدَّ الْعَذَابِ[11]

(നരകം പ്രഭാതത്തിലും പ്രദോഷത്തിലും അവർക്കു മുന്നിൽ പ്രദർശിപ്പിക്കപ്പെടും, അന്ത്യദിനം സംഭവിക്കുന്ന ദിവസം നിങ്ങൾ ഫിർഔനിന്റെ സംഘത്തെ ഏറ്റവും കടുത്ത ശിക്ഷയിലേക്ക് പ്രവേശിപ്പിക്കൂ!)

إِنَّ الْمُجْرِمِينَ فِي عَذَابِ جَهَنَّمَ خَالِدُونَ () لَا يُفَتَّرُ عَنْهُمْ وَهُمْ فِيهِ مُبْلِسُونَ () وَمَا ظَلَمْنَاهُمْ وَلَكِنْ كَانُوا هُمُ الظَّالِمِينَ ()
وَنَادَوْا يَا مَالِكُ لِيَقْضِ عَلَيْنَا رَبُّكَ قَالَ إِنَّكُمْ مَاكِثُونَ () لَقَدْ جِئْنَاكُمْ بِالْحَقِّ وَلَكِنَّ أَكْثَرَكُمْ لِلْحَقِّ كَارِهُونَ ()[12]

(പാപികൾ നരക ശിക്ഷയിൽ ശാശ്വതരായിരിക്കും. അവർക്കൊരു ഒഴിവു സമയവും ഉണ്ടായിരിക്കുകയില്ല, അവർ അതിൽ അങ്ങേയറ്റം ഹതാശരായിരിക്കും. അവർ നരകത്തെ കാക്കുന്ന മാലിക് എന്ന മലക്കിനോട് നിന്റെ റബ്ബ് ഞങ്ങളെ കൊന്നു കളഞ്ഞിരുന്നെങ്കിൽ നന്നായിരുന്നു എന്നു പറയും. അദ്ദേഹം പറയും : നിങ്ങൾ അതിൽ എന്നെന്നും വസിക്കുന്നവരാകുന്നു. നാം സത്യം നിങ്ങൾക്കെത്തിച്ചു തന്നു, പക്ഷെ നിങ്ങളിൽ അധികപേരും സത്യത്തെ വെറുക്കുന്നവരാകുന്നു.)

وَالَّذِينَ كَفَرُوا لَهُمْ نَارُ جَهَنَّمَ لَا يُقْضَى عَلَيْهِمْ فَيَمُوتُوا وَلَا يُخَفَّفُ عَنْهُمْ مِنْ عَذَابِهَا كَذَلِكَ نَجْزِي كُلَّ كَفُورٍ () وَهُمْ يَصْطَرِخُونَ فِيهَا رَبَّنَا أَخْرِجْنَا نَعْمَلْ صَالِحًا غَيْرَ الَّذِي كُنَّا نَعْمَلُ أَوَلَمْ نُعَمِّرْكُمْ مَا يَتَذَكَّرُ فِيهِ مَنْ تَذَكَّرَ وَجَاءَكُمُ النَّذِيرُ فَذُوقُوا فَمَا لِلظَّالِمِينَ مِنْ نَصِيرٍ[13]

(നിഷേധികളാവട്ടെ, അവർക്ക് നരകത്തീയാകുന്നു ഉള്ളത്. അവരെ കൊന്നു കളയുകയോ ആ ശിക്ഷയിൽ നിന്ന് അവർക്ക് ഇളവു നൽകുകയോ ചെയ്യുകയില്ല. അങ്ങനെയാകുന്നു ഓരോ നിഷേധിക്കും നാം പ്രതിഫലം നൽകാൻ പോകുന്നത്. അവർ അതിൽക്കിടന്ന് ഞങ്ങളുടെ രക്ഷിതാവേ ഇതിൽ നിന്ന് ഞങ്ങളെ പുറത്ത് കടത്തൂ, ഞങ്ങൾ മുമ്പു പ്രവർത്തിച്ചിരുന്നത് പോലെ ചെയ്യാതെ സൽക്കർമ്മങ്ങൾ ചെയ്തു കൊള്ളാം എന്ന് അലറിക്കരയും. ചിന്തിക്കുന്നവർക്ക് ചിന്തിക്കാൻ മാത്രമുള്ള ആയുസ്സ് നാം നിങ്ങൾക്ക് നൽകുകയും നിങ്ങ്ളിലേക്ക് ഒരു താക്കീതുകാരൻ വരുകയും ചെയ്തില്ലേ? അതിനാൽ നിങ്ങൾ ആസ്വദിച്ചു കൊള്ളുക, അക്രമികൾക്ക് യാതൊരു സഹായിയുമില്ല തന്നെ.)

[11] ഖുർആൻ 40: 46
[12] ഖുർആൻ 44: 74,75,76,77,78
[13] ഖുർആൻ 35: 36,37

- ഇസ്ലാം മതം ഓരോ മുസ്ലിമും തന്റെ ബാധ്യതകൾ യഥാവിധി നിർവഹിക്കണമെന്ന് നിഷ്കർഷിക്കുന്നു. യാതൊരു പങ്കാളികളെയും സ്വീകരിക്കാതെ അല്ലാഹുവെ മാത്രം ആരാധിക്കുക എന്നതാകുന്നു ഒരു മുസ്ലിം അല്ലാഹുവോടു നിർവഹിക്കേണ്ട ബാധ്യത. അവൻ സൂര്യനെയോ ചന്ദ്രനെയോ നക്ഷത്രങ്ങളെയോ അഗ്നിയേയോ വൃക്ഷങ്ങളെയോ ശിലകളെയോ പശുവിനെയോ വിഗ്രഹങ്ങളെയോ ഖബ്റുകളെയോ പ്രവാചകൻമാരെയോ മഹാൻമാരെയോ ആരാധിക്കാൻ പാടില്ല.സുജൂദ്, റുകൂഅ്, അത്യാദരം, ഭയഭക്തി, അതീവ സ്നേഹവും ഭയവും നേർച്ചയും ബലിയും പ്രാർത്ഥനയും സഹായാർത്ഥനയും ശരണം തേടലും തുടങ്ങിയ ആരാധനകളൊന്നും തന്നെ അല്ലാഹു അല്ലാത്തവർക്ക് വകവെച്ചു കൊടുക്കാൻ പാടില്ല. അല്ലാഹു പറഞ്ഞിരിക്കുന്നു

  قُلْ إِنَّ صَلَاتِي وَنُسُكِي وَمَحْيَايَ وَمَمَاتِي لِلَّهِ رَبِّ الْعَالَمِينَ () لَا شَرِيكَ لَهُ وَبِذَلِكَ أُمِرْتُ وَأَنَا أَوَّلُ الْمُسْلِمِينَ[14]

  (പറയുക, തീർച്ചയായും എന്റെ നമസ്കാരവും ബലികർമ്മങ്ങളും ജീവിതവും മരണവും ലോകരക്ഷിതാവായ അല്ലാഹുവിനുള്ളതാകുന്നു. അവനു യാതൊരു പങ്കുകാരുമില്ല, ഇതാണു ഞാൻ കല്പിക്കപ്പെട്ടിരിക്കുന്നത്, ഞാൻ മുസ്ലിംകളിൽ ഒന്നാമനാകുന്നു.)

- ഇസ്ലാം മതം ഓരോ മുസ്ലിമും തന്റെ പ്രവാചകനോടുള്ള ബാധ്യത നിർവഹിക്കണമെന്ന് കല്പിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ ചര്യ പിൻപറ്റിക്കൊണ്ടും അവിടുത്തെ പ്രവാചകത്വത്തിലും നിയോഗത്തിലും വിശ്വസിച്ചു കൊണ്ടുമാണത് നിർവഹിക്കേണ്ടത്. അല്ലാഹു പറഞ്ഞു

  قُلْ إِنْ كُنْتُمْ تُحِبُّونَ اللَّهَ فَاتَّبِعُونِي يُحْبِبْكُمُ اللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَاللَّهُ غَفُورٌ رَحِيمٌ[15]

  (പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക എന്നാൽ അല്ലാഹു നിങ്ങളെ ഇഷ്ടപ്പെടുകയും നിങ്ങൾക്ക് നിങ്ങളുടെ പാപങ്ങളിൽ നിന്ന് പൊറുത്തു തരികയും ചെയ്യും. അല്ലാഹു ഏറെ പൊറുക്കുന്നവനും അങ്ങേയറ്റം കരുണ കാണിക്കുന്നവനുമാകുന്നു.)

  وَمَنْ يُشَاقِقِ الرَّسُولَ مِنْ بَعْدِ مَا تَبَيَّنَ لَهُ الْهُدَى وَيَتَّبِعْ غَيْرَ سَبِيلِ الْمُؤْمِنِينَ نُوَلِّهِ مَا تَوَلَّى وَنُصْلِهِ جَهَنَّمَ وَسَاءَتْ مَصِيرًا[16]

  (ആരാണോ തനിക്ക് സന്മാർഗം വ്യക്തമായിട്ടും പ്രവാചകരോട് എതിരിട്ടു നിൽക്കുകയും വിശ്വാസികളുടെ മാർഗമല്ലാത്തതിനെ പിന്തുടരുകയും ചെയ്യുന്നത് അവനെ നാം അവൻ തിരിഞ്ഞ വഴിക്കു തന്നെ തിരിച്ചു വിടുകയും നരകത്തിലിട്ടു കരിക്കുകയും ചെയ്യും, എത്ര മോശം സങ്കേതം!)

- അനുസരണ, കാരുണ്യം, സേവനം തുടങ്ങിയവ നൽകിക്കൊണ്ട് തന്റെ മാതാപിതാക്കളോടുള്ള ഉത്തരവാദിത്തം നിർവഹിക്കണമെന്ന് ഇസ്ലാം മതം ഓരോ മുസ്ലിമിനോടും കല്പിക്കുന്നു.

[14] ഖുർആൻ 6: 162,163

[15] ഖുർആൻ 3: 31

[16] ഖുർആൻ 4: 115

وَقَضَى رَبُّكَ أَلَّا تَعْبُدُوا إِلَّا إِيَّاهُ وَبِالْوَالِدَيْنِ إِحْسَانًا إِمَّا يَبْلُغَنَّ عِنْدَكَ الْكِبَرَ أَحَدُهُمَا أَوْ كِلَاهُمَا فَلَا تَقُلْ لَهُمَا أُفٍّ وَلَا تَنْهَرْهُمَا وَقُلْ لَهُمَا قَوْلًا كَرِيمًا () وَاخْفِضْ لَهُمَا جَنَاحَ الذُّلِّ مِنَ الرَّحْمَةِ وَقُلْ رَبِّ ارْحَمْهُمَا كَمَا رَبَّيَانِي صَغِيرًا[17]

(തന്നെയല്ലാതെ ആരാധിക്കരുതെന്നും മാതാപിതാക്കളോടും നല്ല രീതിയിൽ പെരുമാറണമെന്നും നിന്റെ റബ്ബ് കല്പിച്ചിരിക്കുന്നു. അവരിലൊരാളോ അല്ലെങ്കിൽ അവർ രണ്ടു പേരുമോ നിന്റെ അടുക്കൽ വാർധക്യത്തിലെത്തുകയാണെങ്കിൽ അവരോട് ''ഛെ'' എന്നു പോലും പറയുകയോ അവരെ ആക്ഷേപിക്കുകയോ ചെയ്യരുത്. അവരോട് മാന്യമായ വാക്കുകളോടെ സംസാരിക്കുക. അവർക്ക് കാരുണ്യത്തോടെ താഴ്മയുടെ ചിറക് താഴ്ത്തിക്കൊടുക്കുകയും ''ഞങ്ങളുടെ രക്ഷിതാവേ, അവർ ഞങ്ങളെ ചെറുപ്പത്തിൽ വളർത്തിയ പോലെ അവർക്ക് രണ്ടു പേർക്കും നീ കരുണ ചെയ്യേണമേ'' എന്ന് പ്രാർഥിക്കുകയും ചെയ്യുക.)

- ഭരണാധികാരികളെ അല്ലാഹുവിന്റെ വിധിവിലക്കുകൾക്ക് എതിരാവാത്തവണ്ണം അനുസരിക്കാൻ ഇസ്ലാം മതം കല്പിക്കുന്നു.

നബി صلى الله عليه وسلم പറഞ്ഞിരിക്കുന്നു:

عَلَى الْمَرْءِ الْمُسْلِمِ السَّمْعُ وَالطَّاعَةُ فِيمَا أَحَبَّ وَكَرِهَ، إِلَّا أَنْ يُؤْمَرَ بِمَعْصِيَةٍ، فَإِنْ أُمِرَ بِمَعْصِيَةٍ، فَلَا سَمْعَ وَلَا طَاعَةَ[18]

(പാപം ചെയ്യാൻ കല്പിക്കപ്പെടാത്തിടത്തോളം കേൾക്കുകയും അനുസരിക്കുകയും ചെയ്യൽ ഓരോ മുസ്ലിമിനും ബാധ്യതയാകുന്നു, അവനിഷ്ടമുള്ള കാര്യത്തിലായിരുന്നാലും വെറുപ്പുള്ള കാര്യത്തിലായിരുന്നാലും. ഇനി പാപം ചെയ്യാൻ കല്പിക്കുകയാണെങ്കിൽ, അതു കേൾക്കുകയോ അനുസരിക്കുകയോ ചെയ്യേണ്ടതില്ല.)

- ഭരണാധികാരികൾ മുസ്ലിംകളോട് അലിവു കാണിക്കണമെന്ന് ഇസ്ലാം പഠിപ്പിക്കുന്നു. അവർ നാട്ടിൽ ഇസ്ലാം മത നിയമങ്ങൾ നടപ്പിലാക്കണം. ശിക്ഷാനിയമങ്ങൾ നടപ്പിലാക്കുകയും ഖുർആനും പ്രവാചക ചര്യയും അടിസ്ഥാനമാക്കി ഭരിക്കുകയും വേണം. അവർ അവകാശങ്ങൾ അവകാശികൾക്ക് ലഭ്യമാക്കണം. ദുർബലരേയും പീഡിതരേയും സഹായിക്കണം. പ്രവാചകൻ صلى الله عليه وسلم പറഞ്ഞു:

اللهُمَّ، مَنْ وَلِيَ مِنْ أَمْرِ أُمَّتِي شَيْئًا فَشَقَّ عَلَيْهِمْ، فَاشْقُقْ عَلَيْهِ، وَمَنْ وَلِيَ مِنْ أَمْرِ أُمَّتِي شَيْئًا فَرَفَقَ بِهِمْ، فَارْفُقْ بِهِ[19]

(അല്ലാഹുവേ ആരാണോ എന്റെ സമുദായത്തിനു മേൽ ഭരണമേറ്റെടുക്കുകയും അവരെ പ്രയാസപ്പെടുത്തുകയും ചെയ്യുന്നത്, അവനു നീ പ്രയാസം നൽകേണമേ

[17] ഖുർആൻ 17: 23,24

[18] ഇബ്നു ഉമറിൽ നിന്ന് ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചത്.

[19] ഇമാം മുസ്ലിം ആഇശാ വിൽ നിന്ന് ഉദ്ധരിച്ചത്.

ആരാണോ എന്റെ സമുദായത്തിന്റെ മേൽ അധികാരമേറ്റെടുക്കുകയും അവർക്ക് എളുപ്പമുണ്ടാക്കുകയും ചെയ്യുന്നത് അവന് നീ എളുപ്പമുണ്ടാക്കണേ!)
അവിടുന്ന പറഞ്ഞു

مَا مِنْ عَبْدٍ يَسْتَرْعِيهِ اللهُ رَعِيَّةً، يَمُوتُ يَوْمَ يَمُوتُ وَهُوَ غَاشٌّ لِرَعِيَّتِهِ، إِلَّا حَرَّمَ اللهُ عَلَيْهِ الْجَنَّةَ[20]

(ഏതൊരു അടിമയെയാണോ അല്ലാഹു എന്തെങ്കിലും ഭരണമേല്പിക്കുന്നത്, എന്നിട്ട് തന്റെ ഭരണീയരിൽ വഞ്ചന ചെയ്തു കൊണ്ട് അവൻ മരണപ്പെടുകയാണെങ്കിൽ അല്ലാഹു അവന്റെ മേൽ സ്വർഗം നിഷിദ്ധമാക്കും.)

അല്ലാഹു പറഞ്ഞു

وَلَيَنْصُرَنَّ اللَّهُ مَنْ يَنْصُرُهُ إِنَّ اللَّهَ لَقَوِيٌّ عَزِيزٌ () الَّذِينَ إِنْ مَكَّنَّاهُمْ فِي الْأَرْضِ أَقَامُوا الصَّلَاةَ وَآتَوُا الزَّكَاةَ وَأَمَرُوا بِالْمَعْرُوفِ وَنَهَوْا عَنِ الْمُنْكَرِ وَلِلَّهِ عَاقِبَةُ الْأُمُورِ[21]

(തന്നെ സഹായിക്കുന്നവരെ അല്ലാഹു തിരിച്ചും സഹായിക്കുക തന്നെ ചെയ്യും. അല്ലാഹു അങ്ങേയറ്റം ശക്തനും പ്രതാപിയുമത്രെ. അഥവാ, ഭൂമിയിൽ നാം അധികാരം നൽകിയാൽ നമസ്കാരം നിലനിർത്തുകയും സകാത്ത് നൽകുകയും നൻമ കല്പിക്കുകയും തിൻമ വിലക്കുകയും ചെയ്യുന്നവരെ, അല്ലാഹുവിന്റെ പക്കലാകുന്നു കാര്യങ്ങളുടെ അന്തിമ ഫലങ്ങൾ.)

وَمَنْ لَمْ يَحْكُمْ بِمَا أَنْزَلَ اللَّهُ فَأُولَئِكَ هُمُ الْكَافِرُونَ[22]

(ആരാണോ അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് വിധിക്കാത്തത് അവൻ സത്യ നിഷേധിയാകുന്നു.)

- ഇസ്ലാം മതം ഓരോ മുസ്ലിമും നീതി പുലർത്തണമെന്ന അനുശാസിക്കുന്നു, അതു സ്വന്തം വിഷയത്തിലായിരുന്നാലും മറ്റുള്ളവരുമായി ബന്ധപ്പെട്ട വിഷയത്തിലായിരുന്നാലും. അല്ലാഹു പറയുന്നു

يَا أَيُّهَا الَّذِينَ آمَنُوا كُونُوا قَوَّامِينَ لِلَّهِ شُهَدَاءَ بِالْقِسْطِ وَلَا يَجْرِمَنَّكُمْ شَنَآنُ قَوْمٍ عَلَى أَلَّا تَعْدِلُوا اعْدِلُوا هُوَ أَقْرَبُ لِلتَّقْوَى[23]

(അല്ലയോ വിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനു വേണ്ടി നീതിപൂർവം നിലകൊള്ളുന്നവരാകുവീൻ. ഒരു സമൂഹത്തോടുള്ള വെറുപ്പ് അവരോട് അക്രമം ചെയ്യാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ നീതി പാലിക്കുവീൻ അതാകുന്നു ഭയഭക്തിയോട് കൂടുതൽ അടുത്തത്.)

---

[20] മഅ്ഖിൽ ഇബ്നു യസാർ വിൽ നിന്ന് ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചത്.
[21] ഖുർആൻ 22: 40,41
[22] ഖുർആൻ 5: 44
[23] ഖുർആൻ 5: 8

അല്ലാഹു പറഞ്ഞു

يَا أَيُّهَا الَّذِينَ آمَنُوا كُونُوا قَوَّامِينَ بِالْقِسْطِ شُهَدَاءَ لِلَّهِ وَلَوْ عَلَى أَنْفُسِكُمْ أَوِ الْوَالِدَيْنِ وَالْأَقْرَبِينَ إِنْ يَكُنْ غَنِيًّا أَوْ فَقِيرًا فَاللَّهُ أَوْلَى بِهِمَا فَلَا تَتَّبِعُوا الْهَوَى أَنْ تَعْدِلُوا وَإِنْ تَلْوُوا أَوْ تُعْرِضُوا فَإِنَّ اللَّهَ كَانَ بِمَا تَعْمَلُونَ خَبِيرًا[24]

(സത്യവിശ്വാസികളേ നിങ്ങൾ അല്ലാഹുവിനു വേണ്ടി നീതിപൂർവം നിലകൊള്ളുന്ന സാക്ഷികളാകുവിൻ. അതു നിങ്ങൾക്കോ നിങ്ങളുടെ മാതാപിതാക്കൾക്കോ അടുത്ത ബന്ധുക്കൾക്കോ എതിരാണെങ്കിൽക്കൂടി. അവൻ ധനികനായിരുന്നാലും ദരിദ്രനായിരുന്നാലും അല്ലാഹുവാണ് അവരോട് കൂടുതൽ അടുത്തവൻ. ഇനി നിങ്ങൾ കളവു പറയുകയോ പിന്തിരിയുകയോ ചെയ്യുകയാണെങ്കിൽ അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി നന്നായറിയുന്നവനാകുന്നു.)

- ഇസ്ലാം മതം ഓരോ മുസ്ലിമിനോടും തന്റെ അയൽവാസികളെയും അതിഥികളെയും സൽക്കരിച്ചാദരിക്കാനും തന്റെ ബന്ധു മിത്രാദികളെ സഹായിക്കുവാനും അവരോടു ബന്ധം പുലർത്തുവാനും നിർബന്ധപൂർവം കല്പിക്കുന്നു. പ്രവാചകൻ صلى الله عليه وسلمപറയുകയുണ്ടായി:

مَنْ كَانَ يُؤْمِنُ بِاللهِ وَالْيَوْمِ الْآخِرِ فَلْيُكْرِمْ جَارَهُ، وَمَنْ كَانَ يُؤْمِنُ بِاللهِ وَالْيَوْمِ الْآخِرِ فَلْيُكْرِمْ ضَيْفَهُ ومن كان يؤمن بالله واليوم الأخر فليصل رحمه[25]

(ആരാണോ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നത്, അവൻ തന്റെ അതിഥിയെ സൽകരിച്ചു കൊള്ളട്ടെ. ആരാണോ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നത്, അവൻ തന്റെ അയൽവാസിയെ ആദരിച്ചു കൊള്ളട്ടെ. ആരാണോ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നത്, അവൻ തന്റെ രക്തബന്ധുക്കളോട് ബന്ധം പുലർത്തിക്കൊള്ളട്ടെ.)

നബി പറഞ്ഞു لا يدخل الجنة قاطع[26]

(രക്തബന്ധം മുറിച്ചവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല.)

- തന്റെ സഹോദരങ്ങളായ ഇതര മുസ്ലിംകളെ ഉപദ്രവിക്കരുതെന്ന് ഇസ്ലാം മതം നിഷ്കർഷിക്കുന്നു. അല്ലാഹു പറഞ്ഞു

وَالَّذِينَ يُؤْذُونَ الْمُؤْمِنِينَ وَالْمُؤْمِنَاتِ بِغَيْرِ مَا اكْتَسَبُوا فَقَدِ احْتَمَلُوا بُهْتَانًا وَإِثْمًا مُبِينًا[27]

(നിരപരാധികളായ വിശ്വാസികളെയും വിശ്വാസിനികളെയും ഉപദ്രവിക്കുന്നവർ വ്യക്തമായ ദുരാരോപണവും പാപവുമാണ് പേറിയിട്ടുള്ളത്.)

---

[24] ഖുർആൻ 4: 135

[25] അബൂ ഹുറയ്റ വിൽ നിന്ന് ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചത്.

[26] ജുബൈർ ബിൻ മുത്ഇം വിൽ നിന്ന് ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചത്.

[27] ഖുർആൻ 33: 58

നബി صلى الله عليه وسلمപറഞ്ഞു

الْمُسْلِمُ مَنْ سَلِمَ الْمُسْلِمُونَ مِنْ لِسَانِهِ وَيَدِهِ[28] (ഏതൊരാളുടെ നാവിൽ നിന്നും കൈയിൽ നിന്നും മറ്റു മുസ്‌ലിംകൾ സുരക്ഷിതരാണോ അവനാണ് യഥാർത്ഥ മുസ്‌ലിം.)

- ഇസ്‌ലാം മതം ജന്തുജാലങ്ങളെ ഉപദ്രവിക്കുന്നത് വിലക്കിയിരിക്കുന്നു.
  നബി صلى الله عليه وسلمപറഞ്ഞു

  عُذِّبَتِ امْرَأَةٌ فِي هِرَّةٍ سَجَنَتْهَا حَتَّى مَاتَتْ، فَدَخَلَتْ فِيهَا النَّارَ، لاَ هِيَ أَطْعَمَتْهَا وَلاَ سَقَتْهَا، إِذْ حَبَسَتْهَا، وَلاَ هِيَ تَرَكَتْهَا تَأْكُلُ مِنْ خَشَاشِ الأَرْضِ[29]

  (ഒരു സ്ത്രീ ഒരു പൂച്ചയെ കെട്ടിയിട്ടതിന്റെ പേരിൽ നരകത്തിൽ ശിക്ഷിക്കപ്പെട്ടു. അവളതിനു തിന്നാനും കുടിക്കാനും കൊടുത്തതുമില്ല, ഭൂമിയിൽ നിന്ന് പ്രാണികളെ തിന്നാൻ അതിനെ വിട്ടയച്ചതുമില്ല, അങ്ങനെ അതു പട്ടിണി കിടന്ന് ചത്തുപോയി.)

- ദൃഷ്ടി താഴ്ത്തുവാനും ജനനേന്ദ്രിയം സൂക്ഷിക്കുവാനും സഹായിക്കുന്ന നിയമവിധേയമായ വിവാഹം ഇസ്‌ലാം മതം മുസ്‌ലിംകൾക്ക് അനുവദിച്ചു. അതോടൊപ്പം കുടുംബ പരമ്പരകളുടെ പരിശുദ്ധി നഷ്ടപ്പെടുത്തുകയും മാനഹാനിയും ഹൃദയകാഠിന്യവും മാറാവ്യാധികളും വരുത്തിവെക്കുന്നതുമായ വ്യഭിചാരം നിഷിദ്ധമാക്കുകയും ചെയ്തു. അല്ലാഹു പറഞ്ഞു

  فَانْكِحُوا مَا طَابَ لَكُمْ مِنَ النِّسَاءِ مَثْنَى وَثُلَاثَ وَرُبَاعَ فَإِنْ خِفْتُمْ أَلَّا تَعْدِلُوا فَوَاحِدَةً أَوْ مَا مَلَكَتْ أَيْمَانُكُمْ ذَلِكَ أَدْنَى أَلَّا تَعُولُوا[30]

  (നിങ്ങൾ സ്ത്രീകളിൽ നിന്ന് രണ്ടോ മൂന്നോ നാലോ പേരെ വിവാഹം ചെയ്തു കൊള്ളുക. നിങ്ങൾക്ക് നീതി പുലർത്താൻ സാധിക്കുകയില്ലെന്ന് ഭയക്കുകയാണെങ്കിൽ ഒന്നും നിങ്ങളുടെ വലംകൈ ഉടമപ്പെടുത്തിയ (അടിമകളും) മതി. അതാണ് നിങ്ങൾ അനീതി പാലിക്കാതിരിക്കാൻ നല്ലത്.)

  وَلَا تَقْرَبُوا الزِّنَا إِنَّهُ كَانَ فَاحِشَةً وَسَاءَ سَبِيلًا[31]

  (നിങ്ങൾ വ്യഭിചാരത്തെ സമീപിച്ചു പോകരുത്, തീർച്ചയായും അത് മ്ലേഛവും വളരെ മോശം മാർഗവുമാകുന്നു.)

  الزَّانِيَةُ وَالزَّانِي فَاجْلِدُوا كُلَّ وَاحِدٍ مِنْهُمَا مِائَةَ جَلْدَةٍ وَلَا تَأْخُذْكُمْ بِهِمَا رَأْفَةٌ فِي دِينِ اللَّهِ إِنْ كُنْتُمْ تُؤْمِنُونَ بِاللَّهِ وَالْيَوْمِ الْآخِرِ وَلْيَشْهَدْ عَذَابَهُمَا طَائِفَةٌ مِنَ الْمُؤْمِنِينَ[32]

---

[28] അബ്ദുല്ലാഹിബ്നു അംറ് ബ്നുൽ ആസ് വിൽ നിന്ന് ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ചത്.

[29] അബ്ദുല്ലാഹിബ്നു ഉമർ വിൽ നിന്ന് ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ചത്.

[30] ഖുർആൻ 4: 3

[31] ഖുർആൻ 17: 32

[32] ഖുർആൻ 24: 2

(വ്യഭിചാരിയെയും വ്യഭിചാരിണിയെയും നൂറ് അടി വീതം അടിക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നവരാണെങ്കിൽ അവരോട് അല്ലാഹുവിന്റെ മതത്തിന്റെ വിഷയത്തിൽ നിങ്ങൾക്ക് യാതൊരു ദയയും തോന്നരുത്. അവർ ശിക്ഷയനുഭവിക്കുന്നത് വിശ്വാസികളിൽ നിന്ന് ഒരു സംഘം കാണുകയും വേണം.)

- ദരിദ്രർക്കും സാധുക്കൾക്കും അനാഥകൾക്കും വിധവകൾക്കും ഭക്ഷണം നൽകുന്നതും ദാനധർമ്മങ്ങൾ നൽകുന്നതും ഇസ്ലാം മതം വളരെയധികം പ്രോത്സാഹിപ്പിച്ചിരിക്കുന്നു. പ്രവാചകൻ صلى الله عليه وسلمപറഞ്ഞു

  السَّاعِي عَلَى الْأَرْمَلَةِ وَالْمِسْكِينِ، كَالْمُجَاهِدِ فِي سَبِيلِ اللهِ وَكَالْقَائِمِ لَا يَفْتُرُ، وَكَالصَّائِمِ لَا يُفْطِرُ[33]

  (ദരിദ്രനും വിധവക്കും വേണ്ടി പരിശ്രമിക്കുന്നവൻ അല്ലാഹുവിന്റെ മാർഗത്തിൽ ധർമ്മയുദ്ധം നടത്തുന്നവനേയും ഒരിക്കലും മുറിക്കാതെ നോമ്പെടുക്കുന്നവനേയും നിർത്താതെ നമസ്കരിക്കുന്നവനേയും പോലെയാകുന്നു.) പരിശുദ്ധ മാസത്തിൽ ബലിദിവസം പരിശുദ്ധ മക്കയിൽ വെച്ച് നബി صلى الله عليه وسلمപറഞ്ഞു[34] وَأَنَا وَكَافِلُ الْيَتِيمِ فِي الْجَنَّةِ هَكَذَا» وَأَشَارَ بِالسَّبَّابَةِ وَالْوُسْطَى (അനാഥയെ സംരക്ഷിക്കുന്നവനും ഞാനും ഇതു പോലെയാകുന്നു. എന്നിട്ട് അദ്ദേഹത്തിന്റെ രണ്ടു വിരലുകൾ അടുത്തു പിടിച്ചു കാണിച്ചു.)

- ഇസ്ലാം മതം ഓരോ മുസ്ലിമിന്റെയും സമ്പത്തിനെയും രക്തത്തെയും അഭിമാനത്തെയും ആദരിച്ചിരിക്കുന്നു. നബിصلى الله عليه وسلم പറഞ്ഞു

  فَإِنَّ دِمَاءَكُمْ، وَأَمْوَالَكُمْ، وَأَعْرَاضَكُمْ، بَيْنَكُمْ حَرَامٌ، كَحُرْمَةِ يَوْمِكُمْ هَذَا، فِي شَهْرِكُمْ هَذَا، فِي بَلَدِكُمْ هَذَا[35]

  (നിങ്ങളുടെ രക്തവും ധനവും അഭിമാനവും നിങ്ങളുടെ ഈ ദിവസത്തെയും ഈ മാസത്തെയും ഈ നാടിനേയും പോലെ പവിത്രമാകുന്നു.) അവിടുന്നു പറഞ്ഞു

  بِحَسْبِ امْرِئٍ مِنَ الشَّرِّ أَنْ يَحْقِرَ أَخَاهُ الْمُسْلِمَ، كُلُّ الْمُسْلِمِ عَلَى الْمُسْلِمِ حَرَامٌ، دَمُهُ، وَمَالُهُ، وَعِرْضُهُ[36]

  (ഒരാൾ തന്റെ സഹോദരനായ മുസ്ലിമിനെ നിന്ദിക്കുക എന്നത് തന്നെ മതി അയാൾക്ക് പാപമായി. ഒരു മുസ്ലിമിന്റെ എല്ലാം തന്റെ സഹോദരന് നിഷിദ്ധമാകുന്നു, അവന്റെ രക്തവും ധനവും അഭിമാനവുമെല്ലാം.)

---

[33] _ബുഖാരിയും മുസ്ലിമും അബൂ ഹുറയ്റ വിൽ നിന്ന് ഉദ്ധരിച്ചത്.
[34] _ബുഖാരിയും മുസ്ലിമും അബൂ ഹുറയ്റ വിൽ നിന്ന് ഉദ്ധരിച്ചത്.
[35] ബുഖാരിയും മുസ്ലിമും അബൂബക്റ വിൽ നിന്ന് റിപ്പോർട്ട് ചെയ്തത്.
[36] മുസ്ലിം അബൂ ഹുറയ്റ വിൽ നിന്ന് റിപ്പോർട്ട് ചെയ്തത്.

- ഇസ്ലാം മതം മുസ്ലിംകളോട് നല്ല കാര്യങ്ങളിൽ പരസ്പരം സഹകരിക്കാൻ കല്പിക്കുകയും ചീത്ത കാര്യങ്ങളിൽ സഹകരിക്കുന്നത് വിലക്കുകയും ചെയ്യുന്നു. അല്ലാഹു പറഞ്ഞു [37] وَتَعَاوَنُوا عَلَى الْبِرِّ وَالتَّقْوَى وَلَا تَعَاوَنُوا عَلَى الْإِثْمِ وَالْعُدْوَانِ

  (നിങ്ങൾ പുണ്യത്തിലും സൂക്ഷ്മതയിലും പരസ്പരം സഹകരിക്കുക. പാപത്തിലും ശത്രുതയിലും പരസ്പരം സഹകരിക്കരുത്.) നബി صلى الله عليه وسلم പറഞ്ഞു

  مَنْ نَفَّسَ عَنْ مُؤْمِنٍ كُرْبَةً مِنْ كُرَبِ الدُّنْيَا، نَفَّسَ اللهُ عَنْهُ كُرْبَةً مِنْ كُرَبِ يَوْمِ الْقِيَامَةِ، وَمَنْ يَسَّرَ عَلَى مُعْسِرٍ، يَسَّرَ اللهُ عَلَيْهِ فِي الدُّنْيَا وَالْآخِرَةِ، وَمَنْ سَتَرَ مُسْلِمًا، سَتَرَهُ اللهُ فِي الدُّنْيَا وَالْآخِرَةِ، وَاللهُ فِي عَوْنِ الْعَبْدِ مَا كَانَ الْعَبْدُ فِي عَوْنِ أَخِيهِ[38]

  (ആരെങ്കിലും ഒരു വിശ്വാസിക്ക് ഭൗതിക ജീവിതത്തിലെ എന്തെങ്കിലും ഒരു പ്രയാസമകറ്റിക്കൊടുത്താൽ അല്ലാഹു അവന് പരലോകത്ത് ഒരു പ്രയാസമകറ്റിക്കൊടുക്കും. ആരെങ്കിലും കഷ്ടപ്പാടനുഭവിക്കുന്ന ഒരാൾക്ക് ആശ്വാസം വരുത്തിയാൽ അല്ലാഹു ഇരു ലോകങ്ങളിലും അവന് ആശ്വാസം നൽകും. ആരെങ്കിലും ഒരു മുസ്ലിമിന്റെ ന്യൂനതകൾ മറച്ചു വെച്ചാൽ അല്ലാഹു അവന്റെ ന്യൂനതകൾ ഇരു ലോകങ്ങളിലും മറച്ചു വെക്കും. ഒരടിമ തന്റെ സഹോദരനെ സഹായിക്കുന്നിടത്തോളം അല്ലാഹു അവനെ സഹായിച്ചു കൊണ്ടിരിക്കും.) അവിടുന്നു പറഞ്ഞു [39] الْمُؤْمِنُ لِلْمُؤْمِنِ كَالْبُنْيَانِ يَشُدُّ بَعْضُهُ بَعْضًا (ഒരു വിശ്വാസി മറ്റൊരു വിശ്വാസിക്ക് ഒരു കെട്ടിടമെന്ന പോലെ ശക്തി പകരും, എന്നിട്ടദ്ദേഹം തന്റെ വിരലുകൾ തമ്മിൽ കോർത്തു പിടിച്ചു.)
- ഇസ്ലാം മതം സ്ത്രീകളെ ആദരിക്കുകയും അവളുടെ ശൈശവത്തിലും യൗവനത്തിലും വാർധക്യത്തിലും അവളെ സംരക്ഷിക്കുകയും ചെയ്തിരിക്കുന്നു. ശൈശവത്തിൽ അവളെ സംരക്ഷിക്കേണ്ട ഉത്തരവാദിത്തം മാതാപിതാക്കളെ ഏല്പിച്ചു. യുവത്വത്തിൽ അവളുടെ ചെലവുകളും സുരക്ഷയും ഭർത്താവിനെ ഏല്പിച്ചു. വാർധക്യത്തിൽ അവളെ സംരക്ഷിക്കേണ്ട ബാധ്യത മക്കളെയും ഏല്പിച്ചു.
- ഇസ്ലാം മതം മുസ്ലിമിനെ സ്വന്തം കൈ കൊണ്ട് അധ്വാനിച്ചു ഭക്ഷണം കഴിക്കാൻ പ്രോത്സാഹിപ്പിക്കുകയും യാചന വിലക്കുകയും ചെയ്തിരിക്കുന്നു. നബി صلى الله عليه وسلم പറഞ്ഞിരിക്കുന്നു.

  مَا أَكَلَ أَحَدٌ طَعَامًا قَطُّ، خَيْرًا مِنْ أَنْ يَأْكُلَ مِنْ عَمَلِ يَدِهِ، وَإِنَّ نَبِيَّ اللَّهِ دَاوُدَ عَلَيْهِ السَّلَامُ، كَانَ يَأْكُلُ مِنْ عَمَلِ يَدِهِ[40]

  (സ്വന്തം കൈ കൊണ്ട് അധ്വാനിച്ചുണ്ടാക്കിയതിനേക്കാൾ നല്ല ഒരു ഭക്ഷണവും ഒരാളും കഴിച്ചിട്ടില്ല. പ്രവാചകനായ ദാവൂദ് സ്വന്തം കൈ കൊണ്ട് അധ്വാനിച്ചാണ് ഭക്ഷണം കഴിച്ചിരുന്നത്.)

---

[37] ഖുർആൻ 5: 2

[38] മുസ്ലിം അബൂ ഹുറയ്റ വിൽ നിന്ന് റിപ്പോർട്ട് ചെയ്തത്.

[39] അബൂ മൂസാ അൽഅശ്അരി വിൽ നിന്ന് ബുഖാരിയും മുസ്ലിമും റിപ്പോർട്ട് ചെയ്തത്.

[40] മിഖ്ദാം വിൽ നിന്ന് ബുഖാരി ഉദ്ധരിച്ചത്.

അവിടുന്ന് പറഞ്ഞു

مَا يَزَالُ الرَّجُلُ يَسْأَلُ النَّاسَ، حَتَّى يَأْتِيَ يَوْمَ القِيَامَةِ لَيْسَ فِي وَجْهِهِ مُزْعَةُ لَحْمٍ[41]

(ഒരു മനുഷ്യൻ ജനങ്ങളോട് യാചിച്ചു കൊണ്ടിരുന്നാൽ ഉയർത്തെഴുന്നേല്പു നാളിൽ തന്റെ മുഖത്ത് ഒരു കഷ്ണം മാംസം പോലുമില്ലാതെയായിരിക്കും അയാൾ ഉയർത്തെഴുന്നേല്പിക്കപ്പെടുക.)

- ഇസ്ലാം മതം എല്ലാ ഇടപാടുകളിലും കള്ളവും ചതിയും ചെയ്യുന്നതിനെ വിലക്കിരിരിക്കുന്നു. നബി صلى الله عليه وسلمപറഞ്ഞു مَنْ غَشَّنَا فَلَيْسَ مِنَّا[42] (ആരാണോ നമ്മെ വഞ്ചിക്കുന്നത് അവൻ നമ്മിൽ പെട്ടവനല്ല.) അല്ലാഹു തന്റെ വിശുദ്ധ ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നു

. وَيْلٌ لِلْمُطَفِّفِينَ () الَّذِينَ إِذَا اكْتَالُوا عَلَى النَّاسِ يَسْتَوْفُونَ () وَإِذَا كَالُوهُمْ أَوْ وَزَنُوهُمْ يُخْسِرُونَ[43](അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കുന്നവർക്ക് നാശം. അഥവാ, ജനങ്ങളിൽ നിന്ന് അളന്ന് വാങ്ങുകയാണെങ്കിൽ കൃത്യമായി അളന്നെടുക്കുകയും അവർക്ക് അങ്ങോട്ട് അളന്നു കൊടുക്കുകയാണെങ്കിൽ കുറവു വരുത്തുകയും ചെയ്യുന്നവർ.) നബി صلى الله عليه وسلمപറഞ്ഞു

مِنْ عَلَامَاتِ الْمُنَافِقِ ثَلَاثَةٌ: إِذَا حَدَّثَ كَذَبَ، وَإِذَا وَعَدَ أَخْلَفَ، وَإِذَا اؤْتُمِنَ خَانَ[44](കപടവിശ്വാസിയുടെ അടയാളങ്ങൾ മൂന്നെണ്ണമാകുന്നു. അവൻ സംസാരിച്ചാൽ കളവു പറയും, വാഗ്ദാനം ചെയ്താൽ ലംഘിക്കും, വിശ്വസിച്ചേല്പിക്കപ്പെട്ടാൽ വഞ്ചിക്കും.)

- ഇസ്ലാം മതം അക്രമത്തെ നിരോധിച്ചിരിക്കുന്നു. പ്രവാചകൻ صلى الله عليه وسلم പറഞ്ഞിരിക്കുന്നു. اتَّقُوا الظُّلْمَ، فَإِنَّ الظُّلْمَ ظُلُمَاتٌ يَوْمَ الْقِيَامَةِ[45] (അക്രമത്തെ നിങ്ങൾ സൂക്ഷിക്കുക, അക്രമമെന്നത് അന്ത്യനാളിൽ അന്ധകാരങ്ങളാകുന്നു.)

- ഇസ്ലാം മതം ഭയഭക്തിയുടെ അടിസ്ഥാനത്തിലല്ലാതെ ഒരു വ്യക്തിക്കും മറ്റൊരു വ്യക്തിയേക്കാൾ മഹത്വം കല്പിക്കുന്നില്ല. അല്ലാഹു പറഞ്ഞു

يَا أَيُّهَا النَّاسُ إِنَّا خَلَقْنَاكُمْ مِنْ ذَكَرٍ وَأُنْثَى وَجَعَلْنَاكُمْ شُعُوبًا وَقَبَائِلَ لِتَعَارَفُوا إِنَّ أَكْرَمَكُمْ عِنْدَ اللَّهِ أَتْقَاكُمْ(അല്ലയോ ജനങ്ങളേ, നിങ്ങളെ നാം ഒരു ആണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ തമ്മിൽ തിരിച്ചറിയാൻ വേണ്ടി നിങ്ങളെ ഗോത്രങ്ങളും വർഗങ്ങളുമാക്കിയിരിക്കുന്നു. നിങ്ങളിൽ ഏറ്റവുമുത്തമൻ നിങ്ങളിൽ ഏറ്റവും ഭക്തിയുള്ളവനാകുന്നു.)

---

[41] ഇബ്നു ഉമർ വിൽ നിന്ന് ബുഖാരിയും മുസ്ലിമും റിപ്പോർട്ട് ചെയ്തത്.

[42] മുസ്ലിം അബൂ ഹുറയ്റ വിൽ നിന്ന് റിപ്പോർട്ട് ചെയ്തത

[43] ഖുർആൻ 83: 1,2,3

[44] മുസ്ലിം അബൂ ഹുറയ്റ വിൽ നിന്ന് റിപ്പോർട്ട് ചെയ്തത

[45] ബുഖാരിയും മുസ്ലിമും ഇബ്നു ഉമർ വിൽ നിന്ന് റിപ്പോർട്ട് ചെയ്തത്.

നബി صلى الله عليه وسلم പറഞ്ഞിരിക്കുന്നു. (ഒരു അറബിക്കും അനറബിയെക്കാൾ മഹത്വമില്ല, ഒരു വെളുത്തവനും കറുത്തവനെക്കാൾ മഹത്വമില്ല, സൂക്ഷ്മത കൊണ്ടല്ലാതെ. നിങ്ങളെല്ലാം ആദമിൽ നിന്നാകുന്നു, ആദമാകട്ടെ മണ്ണിൽ നിന്നും.)[46]

- ഇസ്‌ലാം മതം ഓരോ മുസ്‌ലിമിനോടും തന്റെ ഭാര്യാസന്താനങ്ങളെ പുണ്യങ്ങളനുഷ്ഠിക്കുന്നതിനു പരിശീലിപ്പിക്കുവാൻ കല്പിക്കുന്നു. അല്ലാഹു പറഞ്ഞിരിക്കുന്നു. يَا أَيُّهَا الَّذِينَ آمَنُوا قُوا أَنْفُسَكُمْ وَأَهْلِيكُمْ نَارًا وَقُودُهَا النَّاسُ وَالْحِجَارَةُ عَلَيْهَا مَلَائِكَةٌ غِلَاظٌ شِدَادٌ لَا يَعْصُونَ اللَّهَ مَا أَمَرَهُمْ وَيَفْعَلُونَ مَا يُؤْمَرُونَ[47]

  (വിശ്വാസികളേ, നിങ്ങൾ നിങ്ങളുടെ സ്വന്തത്തേയും നിങ്ങളുടെ കുടുംബങ്ങളേയും നരക ശിക്ഷയിൽ നിന്ന് കാത്ത് രക്ഷിക്കുക. അതിന്റെ വിറക് മനുഷ്യരും കല്ലുകളുമാകുന്നു, അവിടെ പരുഷസ്വഭാവികളായ മലക്കുകളുണ്ട്, അവർ അല്ലാഹു കല്പിക്കുന്നതൊന്നും ധിക്കരിക്കാതെ അവനെ അനുസരിക്കുന്നവരാകുന്നു.) وَأْمُرْ أَهْلَكَ بِالصَّلَاةِ وَاصْطَبِرْ عَلَيْهَا[48] (നീ നിന്റെ കുടുംബത്തോട് നമസ്കരിക്കാൻ കല്പിക്കുകയും അതിനായി ക്ഷമയവലംബിക്കുകയും ചെയ്യുക.)

- ഇസ്‌ലാം മതം ഓരോ മുസ്‌ലിമിനോടും തനിക്കു വേണ്ടി ആഗ്രഹിക്കുന്ന നൻമ തന്റെ സഹോദരനും വേണ്ടി ആഗ്രഹിക്കുവാൻ കല്പിക്കുന്നു. അവൻ തനിക്ക് ഇരു ലോകത്തും നൻമയും സൗഭാഗ്യവും വന്നു കാണാൻ ആഗ്രഹിക്കുന്ന പോലെ തന്റെ സഹോദരനും അവ ആഗ്രഹിക്കണം. നബി صلى الله عليه وسلم പറഞ്ഞു لاَ يُؤْمِنُ أَحَدُكُمْ، حَتَّى يُحِبَّ لِأَخِيهِ مَا يُحِبُّ لِنَفْسِهِ[49] (തനിക്കായി ആഗ്രഹിക്കുന്ന നൻമ തന്റെ സഹോദരനു വേണ്ടിയും ആഗ്രഹിക്കുന്നത് വരെ നിങ്ങളിലൊരാളും വിശ്വാസിയാവുകയില്ല.)

- ഖുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ ഒന്നിക്കുവാനും ഭിന്നതയും കക്ഷിത്വവും ഉപേക്ഷിക്കുവാനും ഇസ്‌ലാം മതം കല്പിക്കുന്നു.അല്ലാഹു പറഞ്ഞു وَاعْتَصِمُوا بِحَبْلِ اللَّهِ جَمِيعًا وَلَا تَفَرَّقُوا وَاذْكُرُوا نِعْمَتَ اللَّهِ عَلَيْكُمْ إِذْ كُنْتُمْ أَعْدَاءً فَأَلَّفَ بَيْنَ قُلُوبِكُمْ فَأَصْبَحْتُمْ بِنِعْمَتِهِ إِخْوَانًا[50]

---

[46] ഇമാം അഹ്മദ് സഹീഹായ പരമ്പരയോടെ റിപ്പോർട്ട് ചെയ്തത്.
[47] ഖുർആൻ 66: 6
[48] ഖുർആൻ 20: 132
[49] അനസ് വിൽ നിന്ന് ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്തത്.
[50] ഖുർആൻ 3: 103

(നിങ്ങളെല്ലാവരും അല്ലാഹുവിന്റെ പാശത്തിൽ മുറുകെപ്പിടിക്കുക, തമ്മിൽ ഭിന്നിക്കാതിരിക്കുക. അല്ലാഹു നിങ്ങൾക്ക് ചെയ്തു തന്ന അനുഗ്രഹം ഓർക്കുക, നിങ്ങൾ ശത്രുക്കളായിരിക്കേ അവൻ നിങ്ങളുടെ മനസ്സുകൾ തമ്മിൽ ഇണക്കുകയും അങ്ങനെ നിങ്ങൾ സഹോദരങ്ങളായി മാറുകയും ചെയ്തു.)

شَرَعَ لَكُمْ مِنَ الدِّينِ مَا وَصَّى بِهِ نُوحًا وَالَّذِي أَوْحَيْنَا إِلَيْكَ وَمَا وَصَّيْنَا بِهِ إِبْرَاهِيمَ وَمُوسَى وَعِيسَى أَنْ أَقِيمُوا الدِّينَ وَلَا تَتَفَرَّقُوا فِيهِ[51]

(നൂഹിനു നാം ഉപദേശമായി നൽകിയതും നിനക്ക് ബോധനം നൽകിയതും ഇബ്റാഹീമിനും മൂസാക്കും ഈസാക്കും ഉപദേശിച്ചതുമായ കാര്യം ഞാൻ നിങ്ങൾക്ക് മതമായി നിശ്ചയിച്ചിരിക്കുന്നു. അഥവാ, നിങ്ങൾ മതം നേരേ ചൊവ്വേ സ്ഥാപിക്കണമെന്നും അതിൽ തമ്മിൽ ഭിന്നിക്കരുതെന്നും.)

وَلَا تَنَازَعُوا فَتَفْشَلُوا وَتَذْهَبَ رِيحُكُمْ وَاصْبِرُوا إِنَّ اللَّهَ مَعَ الصَّابِرِينَ[52] (നിങ്ങൾ തമ്മിൽ ഭിന്നിക്കരുത്, അങ്ങനെ വന്നാൽ നിങ്ങൾ ക്ഷയിക്കുകയും നിങ്ങളുടെ ശക്തി ചോർന്നു പോവുകയും ചെയ്യും. നിങ്ങൾ ക്ഷമിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു ക്ഷമാശീലരുടെ കൂടെയാകുന്നു.)

- മനുഷ്യന് ഉപദ്രവമുണ്ടാക്കുന്ന എല്ലാ ഭക്ഷണപാനീയങ്ങളേയും ഇസ്ലാം നിഷിദ്ധമാക്കിയിരിക്കുന്നു. അല്ലാഹു പറഞ്ഞു وَيُحِلُّ لَهُمُ الطَّيِّبَاتِ وَيُحَرِّمُ عَلَيْهِمُ الْخَبَائِثَ[53]

  (അവർക്ക് നല്ല വസ്തുക്കൾ അനുവദിച്ചു കൊടുക്കുകയും ചീത്ത വസ്തുക്കൾ വിലക്കുകയും ചെയ്യുന്നു.) നബി صلى الله عليه وسلمപറഞ്ഞു لاَ ضَرَرَ وَلاَ ضِرَارَ (സ്വയം ഉപദ്രവിക്കുകയോ മറ്റുള്ളവരെ ഉപദ്രവിക്കുകയോ അരുത്.)

- മറ്റൊരു മതത്തിനുമില്ലാത്ത അനേകമനേകം സവിശേഷഗുണങ്ങൾ ഇസ്ലാമിനുണ്ട്. അതിനാൽ ഓരോ വ്യക്തിയും ഈ മതം സ്വീകരിക്കൽ നിർബന്ധമാകുന്നു. അതെ, ഓരോരുത്തരം മഹത്തായ ഈ മതം സ്വീകരിക്കുകയും അതിൽ ഉറച്ചു നിൽക്കുകയും ഋജുവായ ഈ മാർഗത്തിനെതിരെയുള്ള മറ്റെല്ലാ മതങ്ങളും ഉപേക്ഷിക്കുകയും വേണം. അല്ലാഹു പറഞ്ഞു

  أَفَغَيْرَ دِينِ اللَّهِ يَبْغُونَ وَلَهُ أَسْلَمَ مَنْ فِي السَّمَاوَاتِ وَالْأَرْضِ طَوْعًا وَكَرْهًا وَإِلَيْهِ يُرْجَعُونَ[54]

  (അല്ലാഹുവിന്റെ മതത്തിനു പുറമെയുള്ള മറ്റു വല്ല മതവുമാണോ അവർ ഉദ്ദേശിക്കുന്നത്, ആകാശഭൂമികളിലുള്ളതെല്ലാമാകട്ടെ, സ്വമനസ്സാലെയോ നിർബന്ധിതമായോ അവന് കീഴടങ്ങിയിരിക്കുകയുമാണ്. അവരാകട്ടെ അവനിലേക്ക് മടങ്ങുന്നതുമാകുന്നു.)

---

[51] ഖുർആൻ 42: 13
[52] ഖുർആൻ 8: 46
[53] ഖുർആൻ 7:157
[54] ഖുർആൻ 3: 83

وَمَنْ يَبْتَغِ غَيْرَ الْإِسْلَامِ دِينًا فَلَنْ يُقْبَلَ مِنْهُ وَهُوَ فِي الْآخِرَةِ مِنَ الْخَاسِرِينَ[55]

(ആരാണോ ഇസ്‌ലാമല്ലാത്ത മറ്റു വല്ലതിനെയും മതമായി ആഗ്രഹിക്കുന്നത്, അത് അവനിൽ നിന്ന് സ്വീകരിക്കപ്പെടുകയില്ല, മരണാനന്തരജീവിതത്തിൽ അവൻ നഷ്ടക്കാരിലായിരിക്കുകയും ചെയ്യും.)

ആരാണോ ഇസ്‌ലാം മതം സ്വീകരിക്കാൻ ആഗ്രഹിക്കുന്നത്, അവൻ ഇസ്ലാം കാര്യങ്ങളും ഈമാൻ കാര്യങ്ങളും[56] മനസ്സിലാക്കി അതനുസരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്.

ഇസ്ലാം കാര്യങ്ങളെന്നു വെച്ചാൽ അത് താഴെപ്പറയുന്നവയാണ്.

## ഒന്ന്) ലാ ഇലാഹ ഇല്ലല്ലാഹ്, മുഹമ്മദുൻ റസൂലുല്ലാഹ് (അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല, മുഹമ്മദ് അവന്റെ ദൂതനാകുന്നു) എന്ന സാക്ഷ്യവചനം.

ഈ സാക്ഷിമൊഴി അവൻ മനസ്സ് കൊണ്ട് അറിഞ്ഞും അംഗീകരിച്ചും നാവു കൊണ്ട് ഉച്ചരിക്കണം. ലാ ഇലാഹ ഇല്ലല്ലാഹ് എന്ന സാക്ഷ്യവചനത്തിന്റെ അർത്ഥം , അല്ലാഹുവല്ലാതെ ആരും തന്നെ അവകാശപൂർവം ആരാധിക്കപ്പെടുന്നവനായി ഇല്ല എന്നാകുന്നു; അവനു പുറമെ ആരാധിക്കപ്പെടുന്ന ദൈവങ്ങളെല്ലാം വ്യാജമാണെന്നു സാരം. അല്ലാഹു പറഞ്ഞിരിക്കുന്നു.

ذَلِكَ بِأَنَّ اللَّهَ هُوَ الْحَقُّ وَأَنَّ مَا يَدْعُونَ مِنْ دُونِهِ هُوَ الْبَاطِلُ وَأَنَّ اللَّهَ هُوَ الْعَلِيُّ الْكَبِيرُ[57]

(അല്ലാഹുവാണ് യഥാർത്ഥസത്യമെന്നതും അവനു പുറമെ അവർ പ്രാർഥിച്ചുകൊണ്ടിരിക്കുന്നതാണ് വ്യാജ മാണെന്നതിനാലുമത്രെ അത്. തീർച്ചയായും അല്ലാഹുവത്രെ അത്യുന്നതനും ഏറ്റവും വലിയവനും.) അഷ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ് (മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു) എന്ന സാക്ഷ്യവചനത്തിന്റെ സാരം: മുഹമ്മദ് സകല ലോകരെയും അല്ലാഹുവെ മാത്രം ആരാധിക്കുന്നതിലേക്കും അവനിൽ പങ്കുചേർക്കാതിരിക്കുന്നതിലേക്കും ക്ഷണിക്കാനും അവരെ സകല നന്മകളിലേക്കും വഴികാണിക്കാനും സകലതിന്മകളിൽ നിന്നും തടയാനും വേണ്ടി അല്ലാഹു നിയോഗിച്ച സത്യപ്രവാചകനാകുന്നു എന്ന് മനസ്സിൽ അറിഞ്ഞംഗീകരിക്കലും അതു നാവു കൊണ്ടു ഉച്ചരിക്കലുമാകുന്നു. താൻ ഏൽപിക്കപ്പെട്ട ഈ ഉത്തരവാദിത്തം നിറവേറ്റുകയും തന്റെ പക്കൽ അവതരിപ്പിക്കപ്പെട്ട സന്ദേശം മനുഷ്യർക്ക് കൈമാറുകയും തന്റെ സമൂഹത്തോടു ഗുണകാംക്ഷയും സദുപദേശവും പൂർണമായി നടത്തുകയും ചെയ്തതിനു ശേഷമാണ് പ്രവാചകതിരുമേനി മരണപ്പെട്ടത്.

---

[55] ഖുർആൻ 3: 85

[56] ഒരാൾ മുസ്‌ലിമായിരിക്കുവാൻ നിർബന്ധമായും അനുഷ്ഠിച്ചിരിക്കേണ്ട കർമങ്ങൾക്ക് ഇസ്‌ലാം കാര്യങ്ങൾ എന്നും നിർബന്ധമായും വിശ്വസിച്ചിരിക്കേണ്ട പ്രധാന വിശ്വാസകാര്യങ്ങൾക്ക് ഈമാൻ കാര്യങ്ങൾ എന്നും പറയുന്നു – വിവ:

[57] ഖുർആൻ 22:62

الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا[58]

(ഇന്നേദിവസം നാം നിങ്ങൾക്ക് നിങ്ങളുടെ മതത്തെ പൂർത്തിയാക്കിത്തരികയും നിങ്ങൾക്ക് മേൽ നമ്മുടെ അനുഗ്രഹത്തെ പൂർത്തിയാക്കുകയും നിങ്ങൾക്കായി ഇസ്ലാം മതത്തെ തൃപ്തിപ്പെട്ട് തരികയും ചെയ്തിരിക്കുന്നു)

## രണ്ട്) അഞ്ചു നേരത്തെ നമസ്കാരം നിലനിർത്തൽ

ഓരോ മുസ്‌ലിമിനോടും രാവും പകലുമായി അഞ്ചു നേരം നമസ്കരിക്കുവാൻ അല്ലാഹു ആജ്ഞാപിച്ചിരിക്കുന്നു. ഫജ്ർ നമസ്കാരം (പ്രഭാതസമയത്ത്), ദുഹ്ർ (ഉച്ചക്ക്), അസ്ർ (പൂർവാഹ്നത്തിൽ), മഗ്‌രിബ് (അസ്തമയശേഷം), ഇഷാ (അസ്തമയ ശോഭ മാഞ്ഞതിനു ശേഷം) എന്നിവയാണവ. ഈ നമസ്കാരങ്ങളുടെയൊക്കെ രൂപം മുസ്‌ലിമീങ്ങൾക്ക് അറിയാവുന്നതാണ്, അല്ലാഹുവിനു സ്തുതി. ഒരു മുസ്‌ലിം ഒരിക്കലും നമസ്കാരം ഉപേക്ഷിക്കാവതല്ല, പ്രവാചകൻ صلى الله عليه وسلم പറഞ്ഞു.

بين الرجل والكفر ترك الصلاة[59]

(ഒരു മനുഷ്യന്റെയും അവിശ്വാസത്തിന്റെയും ഇടക്കുള്ളത് നമസ്കാരം ഉപേക്ഷിക്കലാകുന്നു.)

## മൂന്ന്) സകാത്ത് നൽകൽ

അല്ലാഹു ധനികരുടെ മേൽ തങ്ങളുടെ സ്വത്തിന്റെ ഒരു ഭാഗം നിർബന്ധമായും പാവങ്ങൾക്കുള്ള ദാനമായി നിശ്ചയിച്ചിരിക്കുന്നു. തങ്ങളുടെ പക്കലുള്ള നാണയങ്ങൾക്ക് അവർ വർഷാവർഷം സാധുക്കൾക്ക് നിശ്ചിത ശതമാനം നൽകണം. അതുപോലെ അവർ കൃഷിചെയ്തുണ്ടാക്കുന്ന കാർഷിക വിളകൾക്ക് അതാതിന്റെ വിളവെടുപ്പു സമയത്ത് സകാത്ത് നൽകണം. ഇതിന്റെ വിശദാംശങ്ങൾ മുസ്‌ലിംകളിലെ പണ്ഡിതന്മാർക്കാണ് അറിയുക.

## നാല്) റമദാൻ മാസത്തിലെ നോമ്പ്

റമദാൻ മാസത്തിൽ ഉപവാസം അല്ലാഹു മുസ്‌ലിംകള്ക്കുമേൽ നിർബന്ധമാക്കിയിരിക്കുന്നു. സൂര്യോദയം മുതൽ അസ്തമയം വരെ അന്നപാനീയങ്ങളും സ്ത്രീസംസർഗവും ഉപേക്ഷിക്കുക എന്നതാണ് അതു കൊണ്ടുദ്ദേശിക്കുന്നത്.

## അഞ്ച്) കഴിവുള്ളവർ അല്ലാഹുവിന്റെ പവിത്രഭവനത്തിലേക്ക് പുണ്യയാത്ര നടത്തൽ

ആരോഗ്യം, ശാരീരിക ക്ഷമത, മക്കയിലേക്കും തിരിച്ചും യാത്രചെയ്യാനും യാത്രാസമയത്തെ വീട്ടുചെലവിനുമുള്ള സാമ്പത്തികശേഷി എന്നിവയുള്ളവർക്കാണ് ഇതു നിർബന്ധം.

---

[58] ഖുർആൻ 5:3

[59] ജാബിർ റളിയല്ലാഹു അൻഹുവിൽ നിന്നുള്ള രിവായത്ത്, മുസ്‌ലിം റിപ്പോർട്ട് ചെയ്തത്

ഈ ആരാധനാകർമത്തിന്റെ വിശദാംശങ്ങളും മുസ്ലിംകൾക്ക് അറിയാവുന്നതാണ്. മുസ്ലിം പണ്ഡിതന്മാരോടു ചോദിച്ചാൽ അതു മനസ്സിലാക്കാവുന്നതാണ്.

ഇസ്ലാമിന്റെ ഈ അഞ്ചു അടിസ്ഥാനസ്തംഭങ്ങൾക്കുള്ള തെളിവ് നബി صلى الله عليه وسلم യുടെ താഴെക്കൊടുത്ത വചനമാകുന്നു.

قَالَ عَبْدُ اللهِ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: «بُنِيَ الْإِسْلَامُ عَلَى خَمْسٍ، شَهَادَةِ أَنْ لَا إِلَهَ إِلَّا اللهُ، وَأَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ، وَإِقَامِ الصَّلَاةِ، وَإِيتَاءِ الزَّكَاةِ، وَحَجِّ الْبَيْتِ، وَصَوْمِ رَمَضَانَ»[60]

(ഇസ്ലാം അഞ്ചുകാര്യങ്ങളിന്മേലാകുന്നു പടുത്തുയർത്തിയിരിക്കുന്നു. ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുൻ റസൂലുല്ലാഹ് എന്ന സാക്ഷ്യം, നമസ്കാരം നിലനിർത്തൽ, സകാത്ത് നൽകൽ, ഹജ്ജ് ചെയ്യൽ, റമദാനിൽ നോമ്പു നോക്കൽ എന്നിവയാകുന്നു അവ.)

ഈമാനിന്റെ സ്തംഭങ്ങളാവട്ടെ അവ താഴെക്കൊടുത്തിട്ടുള്ള ആറുകാര്യങ്ങളാകുന്നു.

## ഒന്ന്) അല്ലാഹുവിലുള്ള വിശ്വാസം

അല്ലാഹുവിൽ വിശ്വസിക്കുന്ന ഒരു അടിമ അല്ലാഹു ഉള്ളവനാണ് എന്നും അവനാണ് ആകാശഭൂമികളെയും അവക്കിടയിലുള്ളതിനെയും സകലവസ്തുക്കളെയും സൃഷ്ടിച്ചത് എന്നും അവനാണ് സകലതിനെയും നിയന്ത്രിക്കുന്നത് എന്നും മനസ്സു കൊണ്ട് ഉറപ്പിച്ച് വിശ്വസിക്കണം. അവന്റെ അനുവാദവും തീരുമാനവും കൂടാതെ ഒന്നും തന്നെ നടക്കുന്നില്ല.

അതുപോലെതന്നെ അല്ലാഹുവാണ് എല്ലാത്തിന്റെയും യഥാർത്ഥ ഉടമസ്ഥൻ എന്ന് അവൻ വിശ്വസിച്ചിരിക്കണം. എല്ലാം അല്ലാഹുവിന്റെ ആധിപത്യത്തിൻ കീഴിലാണ്. അവൻ മാത്രമാണ് ആരാധനയർഹിക്കുന്നത്, അവനു പുറമെ ആരാധിക്കപ്പെടുന്നതെല്ലാം വ്യാജദൈവങ്ങൾ മാത്രം. അതുപോലെ, അല്ലാഹുവിന് അതിമനോഹരങ്ങളായ നാമങ്ങളും അത്യുന്നതങ്ങളായ ഗുണങ്ങളുമുണ്ടെന്നും അവൻ വിശ്വസിച്ചിരിക്കണം. അതിലൊന്നിലും തന്നെ അവൻ തന്റെ യാതൊരു സൃഷ്ടിയോടും സദൃശപ്പെടുന്നുമില്ല. അല്ലാഹു പറഞ്ഞു

لَيْسَ كَمِثْلِهِ شَيْءٌ وَهُوَ السَّمِيعُ الْبَصِيرُ[61]

(അവനെപ്പോലെ യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും എല്ലാം കേൾക്കുന്നവനുമാകുന്നു.)

[60] സഹീഹ് മുസ്‌ലിമിൽ അബ്ദുല്ലാഹിബ്നു ഉമർ റളിയല്ലാഹു അൻഹുവിന്റെ റിപ്പോർട്ട്
[61] ഖുർആൻ 42:11

## രണ്ട്) മലക്കുകളിലുള്ള വിശ്വാസം

അല്ലാഹുവിന് പ്രകാശത്താൽ സൃഷ്ടിക്കപ്പെട്ട മലക്കുകൾ എന്ന പ്രത്യേകതരം സൃഷ്ടികളുണ്ടെന്ന് മുസ്‌ലിം വിശ്വസിച്ചിരിക്കണം. അവരെ മനുഷ്യന് കാണാൻ സാധിക്കുകയില്ല, അവർ അല്ലാഹുവെ ആരാധിക്കുകയും രാവും പകലും വിശ്രമമില്ലാതെ അവനെ പുകഴ്ത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ കല്പനകൾ യാതൊരു വീഴ്ചയും അലംഭാവവുമില്ലാതെ അവർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

അവരിൽ ധാരാളം പേർക്ക് അല്ലാഹു അറിയിച്ചു തന്നതായ പ്രത്യേക ജോലികളുണ്ട്, അല്ലാഹുവിന്റെ ആജ്ഞ പ്രകാരം അവർ അത് നിർവഹിച്ചു കൊണ്ടിരിക്കുന്നു.

അല്ലാഹു പറഞ്ഞിരിക്കുന്നു

وَلِلَّهِ يَسْجُدُ مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ مِنْ دَابَّةٍ وَالْمَلَائِكَةُ وَهُمْ لَا يَسْتَكْبِرُونَ () يَخَافُونَ رَبَّهُمْ مِنْ فَوْقِهِمْ وَيَفْعَلُونَ مَا يُؤْمَرُونَ[62]

(ആകാശഭൂമികളിലുള്ള സകലതും മലക്കുകളും അല്ലാഹുവിനു സുജൂദ് ചെയ്യുന്നു, അവരൊട്ടും അഹങ്കാരം കാണിക്കുന്നില്ല. അവർ തങ്ങൾക്ക് മുകളിൽ നിന്ന് തങ്ങളുടെ രക്ഷിതാവിനെ ഭയക്കുകയും അവൻ കല്പിക്കുന്നത് പ്രവർത്തിക്കുകയും ചെയ്യുന്നു)

وَقَالُوا اتَّخَذَ الرَّحْمَنُ وَلَدًا سُبْحَانَهُ بَلْ عِبَادٌ مُكْرَمُونَ () لَا يَسْبِقُونَهُ بِالْقَوْلِ وَهُمْ بِأَمْرِهِ يَعْمَلُونَ () يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ وَلَا يَشْفَعُونَ إِلَّا لِمَنِ ارْتَضَى وَهُمْ مِنْ خَشْيَتِهِ مُشْفِقُونَ[63]

(പരമകാരുണികനായ അല്ലാഹു സന്താനത്തെ സ്വീകരിച്ചിരിക്കുന്നു എന്ന് അവർ പറഞ്ഞിരിക്കുന്നു, അവൻ അവർ ആരോപിക്കുന്നതിൽ നിന്ന് പരിശുദ്ധനായിരിക്കുന്നു; മറിച്ച് അവർ (മലക്കുകൾ) ആദരണീയരായ അടിമകളാകുന്നു. അല്ലാഹുവിനെ ഒരു വാക്കു കൊണ്ടെങ്കിലും അവർ മുൻകടക്കുകയില്ല, അവന്റെ കൽപനപ്രകാരം അവർ പ്രവർത്തിക്കുകയും ചെയ്യുന്നു. അവരുടെ ഭാവിയും ഭൂതവും അവൻ അറിയുന്നു. അവൻ തൃപ്തിപ്പെട്ടവർക്കല്ലാതെ അവർ ശുപാർശ ചെയ്യുകയില്ല, അവർ അവനെ സംബന്ധിച്ച് ഭയപ്പാടുള്ളവരുമാകുന്നു.)

നബി صلى الله عليه وسلمപറഞ്ഞിരിക്കുന്നു. خُلِقَتِ الْمَلَائِكَةُ مِنْ نُورٍ[64]

(മലക്കുകൾ പ്രകാശത്താൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.)

## മൂന്ന്) വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം

അഥവാ, ഒരു മുസ്‌ലിം അല്ലാഹു തന്റെ പ്രവാചകന്മാരിലേക്ക് അവതരിപ്പിച്ചിട്ടുള്ള വേദഗ്രന്ഥങ്ങളിൽ വിശ്വസിക്കണം. അവ (ആ ഗ്രന്ഥങ്ങൾ) അല്ലാഹുവിന്റെ സൃഷ്ടികളല്ല,

[62] ഖുർആൻ 16: 49,50
[63] ഖുർആൻ 21: 26,28
[64] ആഇശാ റളിയല്ലാഹു അൻഹായിൽ നിന്ന് ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്തത്.

മറിച്ച് അവന്റെ സംസാരമാണ് എന്ന് അവർ വിശ്വസിക്കേണ്ടതുണ്ട്. പ്രസ്തുത ഗ്രന്ഥങ്ങളിൽ മതവിധികളും ചരിത്രവിവരണങ്ങളുമുണ്ട്, അതോടൊപ്പം അവയിൽ സദുപദേശവും താക്കീതുകളുമുണ്ട്, അവയിൽ സന്മാർഗവും കാരുണ്യവുമുണ്ട്.

പ്രസ്തുത വേദഗ്രന്ഥങ്ങളിലുൾപ്പെട്ടതാണ്, മൂസാ അലൈഹിസ്സലാമിന് അവതരിപ്പിച്ച തൗറാത്ത്, ഈസാ അലൈഹിസ്സലാമിന് അവതരിപ്പിച്ച ഇഞ്ചീൽ, ദാവൂദ് അലൈഹിസ്സലാമിന് അവതരിപ്പിച്ച സബൂർ എന്നിവ. ഈ ഗ്രന്ഥങ്ങളെല്ലാം മാറ്റത്തിരുത്തലുകൾക്കും കൈകടത്തലുകൾക്കും വിധേയമായി.

നമ്മുടെ നബിയായ മുഹമ്മദ് صلى الله عليه وسلمക്ക് മേൽ അവതരിച്ച ഖുർആൻ മാത്രം എല്ലാം തിരുത്തലുകളിൽ നിന്നും രക്ഷ നൽകപ്പെട്ട് സുരക്ഷിതമായി നിലനിന്നു. അല്ലാഹു തആലാ പറഞ്ഞു

إِنَّا نَحْنُ نَزَّلْنَا الذِّكْرَ وَإِنَّا لَهُ لَحَافِظُونَ[65]

(തീർച്ചയായും നാമാകുന്നു ഈ ഉദ്ബോധനം (ഖുർആൻ) അവതരിപ്പിച്ചിരിക്കുന്നത്, തീർച്ചയായും നാം തന്നെ ഇതിനെ സംരക്ഷിക്കുന്നതുമാകുന്നു.)

## നാല്) പ്രവാചകന്മാരിലുള്ള വിശ്വാസം.

അല്ലാഹു തആലാ ഓരോ സമുദായത്തിലേക്കും , അല്ലാഹുവെ മാത്രം ആരാധിക്കുക എന്ന സന്ദേശവുമായി ഓരോ പ്രവാചകന്മാരെ പറഞ്ഞയച്ചിട്ടുണ്ട് എന്ന് ഒരു മുസ്ലിം മനസ്സറിഞ്ഞു വിശ്വസിക്കേണ്ടതുണ്ട്. അല്ലാഹു പറഞ്ഞു

وَمَا كُنَّا مُعَذِّبِينَ حَتَّى نَبْعَثَ رَسُولًا[66]

(ഒരു പ്രവാചകനെ പറഞ്ഞയക്കുന്നതു വരെ നാം ശിക്ഷിക്കുന്നതല്ല.)

അവൻ പറഞ്ഞിരിക്കുന്നു

وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَسُولًا أَنِ اعْبُدُوا اللَّهَ وَاجْتَنِبُوا الطَّاغُوتَ[67]

(അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്നും ദുർമൂർത്തികളെ വെടിയണമെന്നും സന്ദേശം നൽകിക്കൊണ്ട് ഓരോ സമുദായത്തിലേക്കും നാം ദൂതന്മാരെ നിയോഗിച്ചിട്ടുണ്ട്.) അല്ലാഹുവിന്റെ ദൂതന്മാർ ഓരോരുത്തരും തങ്ങളുടെ ഉത്തരവാദിത്തം നിർവഹിക്കുകയും സന്ദേശം കൈമാറുകയും ചെയ്തിട്ടുണ്ടെന്ന് വിശ്വസിക്കൽ നിർബന്ധമാകുന്നു. മനുഷ്യന് ഒരു ഒഴികഴിവു പറയാൻ സാധിക്കാത്ത വിധത്തിൽ അല്ലാഹു ദൂതന്മാർ മുഖേന തെളിവു സ്ഥാപിച്ചു. അല്ലാഹു പറഞ്ഞിരിക്കുന്നു

[65] ഖുർആൻ 15: 9
[66] ഖുർആൻ 17: 15
[67] ഖുർആൻ 16: 36

رُسُلًا مُبَشِّرِينَ وَمُنْذِرِينَ لِئَلَّا يَكُونَ لِلنَّاسِ عَلَى اللَّهِ حُجَّةٌ بَعْدَ الرُّسُلِ[68]

(സന്തോഷവാർത്തയറിയിക്കുന്നവരും താക്കീതുകാരുമായ പ്രവാചകന്മാർ, തങ്ങൾ വന്നതിനു ശേഷം ജനങ്ങൾക്ക് അല്ലാഹുവിന്റെ മേൽ ഒരു ന്യായവും ഇല്ലാതിരിക്കുന്നതിനു വേണ്ടി നിയോഗിക്കപ്പെട്ടവർ.)

## അഞ്ച്) അന്ത്യനാളിലുള്ള വിശ്വാസം

മരണശേഷമുള്ള പുനരുദ്ധാരണത്തിലും വിചാരണയിലും സ്വർഗനരകങ്ങളിലും അന്ത്യദിനത്തിൽ സംഭവിക്കാനിരിക്കുന്നതായി അല്ലാഹു അറിയിച്ചു തന്നിട്ടുള്ള എല്ലാ കാര്യങ്ങളിൽ അടിയുറച്ചു വിശ്വസിക്കൽ ഒരു മുസ്ലിമിനു നിർബന്ധമാകുന്നു. അല്ലാഹു പറഞ്ഞിരിക്കുന്നു

زَعَمَ الَّذِينَ كَفَرُوا أَنْ لَنْ يُبْعَثُوا قُلْ بَلَى وَرَبِّي لَتُبْعَثُنَّ ثُمَّ لَتُنَبَّؤُنَّ بِمَا عَمِلْتُمْ وَذَلِكَ عَلَى اللَّهِ يَسِيرٌ[69]

(സത്യനിഷേധികളായ കാഫിറുകൾ തങ്ങൾ മരണാനന്തരം ഉയിർത്തെഴുന്നേല്പിക്കപ്പെടുകയില്ല എന്ന് വാദിക്കുന്നു. അല്ല, എന്റെ രക്ഷിതാവാണെ സത്യം, നിങ്ങൾ ഉയർത്തെഴുന്നേല്പിക്കപ്പെടുക തന്നെ ചെയ്യും. ശേഷം നിങ്ങൾ പ്രവർത്തിച്ചു കൊണ്ടിരുന്നതിനെ സംബന്ധിച്ച് നിങ്ങളെ വിവരമറിയിച്ചു തരും. അതാകട്ടെ അല്ലാഹുവിന് വളരെ എളുപ്പവുമാകുന്നു.) സത്യവിശ്വാസി സ്വർഗവും സത്യനിഷേധി നരകവും അർഹിക്കുന്നു എന്ന് വിശ്വസിക്കൽ നിർബന്ധമാകുന്നു. അല്ലാഹു തആലാ പറയുന്നു

إِنَّ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ كَانَتْ لَهُمْ جَنَّاتُ الْفِرْدَوْسِ نُزُلًا[70]

(തീർച്ചയായും വിശ്വസിക്കുകയും സൽകർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്തവർക്ക് ജന്നാതുൽ ഫിർദൗസ് (അത്യുന്നതമായ സ്വർഗത്തോപ്പുകൾ) നൽകപ്പെടും.)

وَالَّذِينَ كَفَرُوا لَهُمْ نَارُ جَهَنَّمَ لَا يُقْضَى عَلَيْهِمْ فَيَمُوتُوا وَلَا يُخَفَّفُ عَنْهُمْ مِنْ عَذَابِهَا كَذَلِكَ نَجْزِي كُلَّ كَفُورٍ[71]

(നിഷേധികളാവട്ടെ, അവർക്ക് നരകത്തീയാകുന്നു ഉള്ളത്. അവരെ കൊന്നു കളയുകയോ ആ ശിക്ഷയിൽ നിന്ന് അവർക്ക് ഇളവു നൽകുകയോ ചെയ്യുകയില്ല. അങ്ങനെയാകുന്നു ഓരോ നിഷേധിക്കും നാം പ്രതിഫലം നൽകാൻ പോകുന്നത്.)

അന്ത്യദിനത്തിലുള്ള വിശ്വാസത്തിൽ പെട്ടതാണ്, വിശ്വാസികൾ തങ്ങളുടെ രക്ഷിതാവിനെ കാണുമെന്നുള്ളത്. അവർ സ്വർഗത്തിൽ വെച്ച് അവനെ കണ്ടാസ്വദിക്കും.

---

[68] ഖുർആൻ 4: 165

[69] ഖുർആൻ 64: 7

[70] ഖുർആൻ 18: 107

[71] ഖുർആൻ 35:36

അവർക്ക് സ്വർഗത്തിൽ ലഭിക്കുന്ന ഒരാസ്വാദനവും തങ്ങളുടെ രക്ഷിതാവിനെ കാണുകയെന്നതിന്റെ അത്ര അവർക്ക് പ്രിയങ്കരമായിരിക്കുകയില്ല. അല്ലാഹു തആലാ പറഞ്ഞിരിക്കുന്നു.

وُجُوهٌ يَوْمَئِذٍ نَاضِرَةٌ () إِلَى رَبِّهَا نَاظِرَةٌ[72]

(അന്നേ ദിവസം ചില മുഖങ്ങൾ പ്രസന്നമായിരിക്കും അവർ തങ്ങളുടെ രക്ഷിതാവിനെ നോക്കിക്കൊണ്ടിരിക്കുകയായിരിക്കും.)

അല്ലാഹു പറഞ്ഞിരിക്കുന്നു

لِلَّذِينَ أَحْسَنُوا الْحُسْنَى وَزِيَادَةٌ

(സൽകർമ്മങ്ങൾ ചെയ്തവർക്ക് നല്ല പ്രതിഫലവും പിന്നെയും

വർധനയുമുണ്ടായിരിക്കും.) ഈ സൂക്തത്തിൽ പരാമർശിച്ച 'വർധന' കൊണ്ടുദ്ദേശം അല്ലാഹുവിനെ ദർശിക്കുന്നതാകുന്നു എന്നാണ് പ്രവാചക തിരുമേനി വിശദീകരിച്ചത്.

ഈ ദർശന സൗഭാഗ്യം ഇഹലോക ജീവിതത്തിൽ സാധ്യമാകുകയില്ല. കാരണം അല്ലാഹു തആലാ പറഞ്ഞിരിക്കുന്നു,

لَا تُدْرِكُهُ الْأَبْصَارُ وَهُوَ يُدْرِكُ الْأَبْصَارَ[73]

(കണ്ണുകൾ അവനെ വലയം ചെയ്യുകയില്ല, മറിച്ച് അവൻ കണ്ണുകളെ ഉടമപ്പെടുത്തുന്നു.) ഭൗതികജീവിതത്തിലെ ദൃഷ്ടികൾക്ക് അല്ലാഹുവെ കാണാനുള്ള ത്രാണിയില്ല.

നബി صلى الله عليه وسلم പറഞ്ഞിരിക്കുന്നു إعلموا أنكم لن تروا ربكم حتى تموتوا

(അറിയുക നിങ്ങൾ മരിക്കുവോളം നിങ്ങളുടെ രക്ഷിതാവിനെ കാണുകയില്ല.)

## ആറ്) വിധിയിലുള്ള വിശ്വാസം

അല്ലാഹു സുബ്ഹാനഹു വതആലാ, സംഭവിക്കാനിരിക്കുന്ന എല്ലാ നന്മതിന്മകളും നേരത്തെ അറിഞ്ഞിട്ടുണ്ടെന്നും ആകാശഭൂമികളെ സൃഷ്ടിക്കുന്നതിന്റെയും അമ്പതിനായിരം വർഷം മുമ്പേ അവനത് ഒരു സംരക്ഷിത ഫലകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും സമയാസമയങ്ങളിൽ അവന്റെ സമ്മതവും സൃഷ്ടിപ്പുമനുസരിച്ച് അവ സംഭവിച്ചു കൊണ്ടിരിക്കുകയാണെന്നും ഒരു മുസ്ലിം ദൃഢമായി വിശ്വസിക്കേണ്ടതാണ്. അല്ലാഹു തആലാ പറഞ്ഞിരിക്കുന്നു.

ذَلِكَ لِتَعْلَمُوا أَنَّ اللَّهَ يَعْلَمُ مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ وَأَنَّ اللَّهَ بِكُلِّ شَيْءٍ عَلِيمٌ[74]

[72] ഖുർആൻ 75: 22,23
[73] ഖുർആൻ 6: 103

(അല്ലാഹു ആകാശഭൂമികളിലുള്ളതെല്ലാം അറിയുന്നവെന്നും അവൻ സകലതിനെ സംബന്ധിച്ചും അഗാധജ്ഞാനമുള്ളവനാണെന്നും നിങ്ങൾ അറിഞ്ഞിരിക്കാൻ വേണ്ടിയാകുന്നു അത്.)

مَا أَصَابَ مِنْ مُصِيبَةٍ فِي الْأَرْضِ وَلَا فِي أَنْفُسِكُمْ إِلَّا فِي كِتَابٍ مِنْ قَبْلِ أَنْ نَبْرَأَهَا إِنَّ ذَلِكَ عَلَى اللَّهِ يَسِيرٌ[75]

(ഭൂമിയിലാകട്ടെ നിങ്ങളുടെ ശരീരത്തിലാകട്ടെ ഒരു അപകടവും ബാധിക്കുന്നില്ല, അത് നാം സൃഷ്ടിക്കുന്നതിനു മുമ്പായി നമ്മുടെ പക്കലുള്ള രേഖയിൽ അതില്ലാത്തതായി. തീർച്ചയായും അത് അല്ലാഹുവിന് വളരെ എളുപ്പമാകുന്നു.)

നബി صلى الله عليه وسلم പറഞ്ഞിരിക്കുന്നു.

كَتَبَ اللهُ مَقَادِيرَ الْخَلَائِقِ قَبْلَ أَنْ يَخْلُقَ السَّمَاوَاتِ وَالْأَرْضَ بِخَمْسِينَ أَلْفَ سَنَةٍ، قَالَ: وَعَرْشُهُ عَلَى الْمَاءِ[76]

(അല്ലാഹു ആകാശഭൂമികളെ പടക്കുന്നതിന്റെ അമ്പതിനായിരം വർഷങ്ങൾ മുമ്പെ സകല സൃഷ്ടികളുടെയും വിധികൾ രേഖപ്പെടുത്തി വെച്ചു. അവന്റെ അർഷ് വെള്ളത്തിനുപരിയിലായിരുന്നു.)

إِنَّمَا أَمْرُهُ إِذَا أَرَادَ شَيْئًا أَنْ يَقُولَ لَهُ كُنْ فَيَكُونُ[77]

(തീർച്ചയായും അവൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് 'കുൻ' , ''ഉണ്ടാവുക'' എന്ന ഒരു വാക്ക പറയുമ്പോഴേക്ക് അത് ഉണ്ടായിത്തീരുന്നു.)

وَمَا تَشَاءُونَ إِلَّا أَنْ يَشَاءَ اللَّهُ رَبُّ الْعَالَمِينَ[78]

(സർവലോക രക്ഷിതാവായ അല്ലാഹു ഉദ്ദേശിച്ചാലല്ലാതെ നിങ്ങൾ ഒരു കാര്യവും ഉദ്ദേശിക്കുന്നില്ല.)

ഇത്രയും വിശദീകരിക്കപ്പെട്ട പ്രകാരമുള്ള ഈ സത്യ മതം പിന്തുടരലും അതിനെ മുറുകെപ്പിടിക്കലും ഓരോരുത്തർക്കും നിർബന്ധമാകുന്നു. അല്ലാഹു പറഞ്ഞിരിക്കുന്നു.

وَمَنْ يَبْتَغِ غَيْرَ الْإِسْلَامِ دِينًا فَلَنْ يُقْبَلَ مِنْهُ وَهُوَ فِي الْآخِرَةِ مِنَ الْخَاسِرِينَ[79]

---

[74] ഖുർആൻ 5: 97
[75] ഖുർആൻ 57: 22
[76] സഹീഹ് മുസ്ലിമിൽ അബ്ദുല്ലാഹിബ്നു അംറിബ്നി ആസ് റളിയല്ലാഹു അൻഹുവിൽ നിന്ന് ഉദ്ധരിച്ചത്.
[77] ഖുർആൻ 36: 82
[78] ഖുർആൻ 81: 29
[79] ഖുർആൻ 3: 85

(ആരാണോ ഇസ്ലാമല്ലാത്ത മറ്റു വല്ലതിനെയും മതമായി ആഗ്രഹിക്കുന്നത്, അത് അവനിൽ നിന്ന് സ്വീകരിക്കപ്പെടുകയില്ല, മരണാനന്തരജീവിതത്തിൽ അവൻ നഷ്ടക്കാരിലായിരിക്കുകയും ചെയ്യും.)

പുത്തൻവാദങ്ങളിലേക്കും വഴികേടിലേക്കും തന്നെ നയിക്കാൻ ശ്രമിക്കുന്ന സൂഫികളെയും ഷിയാക്കളെയും പോലെയുള്ള 'പ്രബോധകൻമാരെ' സൂക്ഷിക്കണമെന്ന് ഓരോ മുസ്ലിമിനേയും ഞാൻ താക്കീത് ചെയ്യുകയാണ്. കാരണം, ഇസ്ലാമിലേക്ക് സ്വയം ചേർത്തിപ്പറയുന്ന ഈ രണ്ട് കക്ഷികളുടെയും അടുത്ത് വളരെ വ്യക്തമായ വഴികേടുകളുണ്ട്. അവരുടെ അടുത്ത് പോയി ഇസ്ലാം സ്വീകരിക്കുന്ന പുതുമുസ്ലിം പല വഴികേടുകളിലും പെട്ടുപോകുന്നു, അവനൊരുപക്ഷേ ഷിർക്കിലും കുഫ്റിലും തന്നെ പെട്ടു പോകാൻ സാധ്യതയുണ്ട്. അങ്ങനെ വന്നാൽ അവൻ ഇസ്ലാം സ്വീകരിക്കുന്നത് തന്നെ പാഴായിപ്പോകുന്നു

അതു പോലെതന്നെ അവിശ്വാസികളുമായി കൂട്ടുകൂടുന്നതും അവരുടെ കൂടെ ഇരിക്കുന്നതും അവരെ സ്നേഹിക്കുന്നതും അനുകരിക്കുന്നതും ഒരു മുസ്ലിം ഗൗരവപൂർവം സൂക്ഷിക്കേണ്ടതുണ്ട്. അല്ലാഹു തആലാ പറഞ്ഞു

لَا تَجِدُ قَوْمًا يُؤْمِنُونَ بِاللَّهِ وَالْيَوْمِ الْآخِرِ يُوَادُّونَ مَنْ حَادَّ اللَّهَ وَرَسُولَهُ وَلَوْ كَانُوا آبَاءَهُمْ أَوْ أَبْنَاءَهُمْ أَوْ إِخْوَانَهُمْ أَوْ عَشِيرَتَهُمْ[1]

(അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു ജനത അല്ലാഹുവോടും അവന്റെ ദൂതനോടും ശത്രുത പ്രഖ്യാപിച്ചവരെ സ്നേഹിക്കുന്നതായി നിനക്ക് കാണാൻ സാധിക്കുകയില്ല, അവർ തങ്ങളുടെ പിതാക്കൻമാരോ പുത്രൻമാരോ സഹോദരൻമാരോ ബന്ധുക്കളോ ആയിരുന്നാലും ശരി.)

وَإِذَا رَأَيْتَ الَّذِينَ يَخُوضُونَ فِي آيَاتِنَا فَأَعْرِضْ عَنْهُمْ حَتَّى يَخُوضُوا فِي حَدِيثٍ غَيْرِهِ[80]

[80] ഖുർആൻ 6: 68

(നമ്മുടെ ആയത്തുകളെ സംബന്ധിച്ച് അനാവശ്യം പറയുന്നവരെ നീ കണ്ടാൽ അവർ മറ്റു വല്ല കാര്യവും സംസാരിക്കുന്നത് വരെ നീ അവരോടു കൂടെ ഇരിക്കരുത്.)

وَيَوْمَ يَعَضُّ الظَّالِمُ عَلَى يَدَيْهِ يَقُولُ يَا لَيْتَنِي اتَّخَذْتُ مَعَ الرَّسُولِ سَبِيلًا () يَا وَيْلَتَى لَيْتَنِي لَمْ أَتَّخِذْ فُلَانًا خَلِيلًا () لَقَدْ أَضَلَّنِي عَنِ الذِّكْرِ بَعْدَ إِذْ جَاءَنِي وَكَانَ الشَّيْطَانُ لِلْإِنْسَانِ خَذُولًا[81]

(അക്രമിയായ മനുഷ്യൻ ഖേദത്താൽ തന്റെ ഇരുകൈകളും കടിക്കുന്ന ദിവസം. അവൻ പറയും ഞാൻ പ്രവാചകന്റെ കൂടെ സന്മാർഗം സ്വീകരിച്ചിരുന്നെങ്കിൽ എത്ര നന്നായേനെ, എന്റെ നാശമേ ഞാൻ ഇന്നാലിന്ന ആളെ സുഹൃത്താക്കിയില്ലായിരുന്നെങ്കിൽ എത്ര നന്നായിരുന്നു. ഉദ്ബോധനം എനിക്ക് വന്നു കിട്ടിയ ശേഷം അവൻ എന്നെ പിഴപ്പിച്ചു കളഞ്ഞുവല്ലോ, തീർച്ചയായും പിശാച് മനുഷ്യനെ വഞ്ചിക്കുന്നവൻ തന്നെയാകുന്നു.)

നബി صلى الله عليه وسلم പറഞ്ഞു مَنْ تَشَبَّهَ بِقَوْمٍ فَهُوَ مِنْهُمْ[82]

(ആരോണോ ഒരു ജനതയെ അനുകരിക്കുന്നത്, അവൻ അവരില്പ്പെട്ടവനാകുന്നു.)

ഈ സമുദായത്തിലെ സന്മാർഗചാരികളും സദ്വൃത്തരുമായ പൂർവികരെ പിന്തുടരുന്നവരായ അഹ്ലുസ്സുന്നത്തിൽ പെട്ട പണ്ഡിതൻമാരുടെ പുസ്തകങ്ങൾ വായിക്കണമെന്ന് മുസ്ലിമീങ്ങളെ ഞാൻ ഉപദേശിക്കുകയാണ്.

പ്രസ്തുത പണ്ഡിതൻമാരിൽ പെട്ടവരാണ്:

- അൽ ഇമാം മുഹമ്മദ് നാസിറുദ്ദീൻ അൽ അൽബാനീ
- അൽ ഇമാം അബ്ദുൽ അസീസ് ഇബ്നു ബാസ്
- അൽ ഇമാം മുഖ്ബിൽ ബിൻ ഹാദീ അൽ വാദിഈ
- അശ്ശൈഖ് സാലിഹ് അൽ ഫൗസാൻ
- അശ്ശൈഖ് റബീഅ് ബിൻ ഹാദീ അൽ മദ്ഖലീ
- അശ്ശൈഖ് യഹ്യ ബിൻ അലീ അൽ ഹജൂരീ

[81] ഖുർആൻ 25: 27,28,29
[82] Camw അഹ്മദ് മുസ്നദിൽ ഇബ്നു ഉമർ റളിയല്ലാഹു അൻഹുവിൽ നിന്ന് ഉദ്ധരിച്ചത്.

തുടങ്ങിയവരും മറ്റനേകം പേരും. അല്ലാഹു അവർക്കെല്ലാം കരുണ ചൊരിയുമാറാകട്ടെ.

ഓരോ മുസ്‌ലിമിനോടും മതം പഠിക്കുവാനും പാണ്ഡിത്യം നേടുവാനും ഞാൻ ഉപദേശിക്കുകയാണ്. അതിനായി മുകളിൽ പരാമർശിക്കപ്പെട്ട പണ്ഡിതന്മാരെയോ രീതിശസ്ത്രത്തിലും മതനിഷ്ഠയിലും അവരോടു സാദൃശ്യം പുലർത്തുന്ന മറ്റുള്ളവരെയോ അവൻ സമീപിക്കട്ടെ, അതിനു സാധ്യമല്ലെങ്കിൽ അവരുടെ ഗ്രന്ഥങ്ങളും കാസറ്റുകളും ഉപയോഗപ്പെടുത്തുക.

അതു പോലെത്തെന്നെ അറബി അറിയാത്ത മുസ്‌ലിംകളോട് അറബി പഠിക്കാൻ ഞാൻ ഗൗരവപൂർവം ഓർമപ്പെടുത്തുകയാണ്, അതിലൂടെ മാത്രമേ , ഖുർആനും സുന്നത്തും വായിക്കാനും മതവിജ്ഞാനം ആർജിക്കുവാനും സാധിക്കുകയുള്ളൂ.

എനിക്കും സകല മുസ്ലിമീങ്ങൾക്കും ഞാൻ എഴുതിയതുകൊണ്ട് ഉപകാരമുണ്ടാക്കാൻ ഞാൻ അല്ലാഹുവോടു പ്രാർഥിക്കുകയാണ്. അല്ലാഹു ഇതിനെ അവന്റെ വജ്ഹുദ്ദേശിച്ചുള്ള ഒരു സൽകർമ്മമായി സ്വീകരിക്കുകയും ഖിയാമത്തു നാളിൽ അവന്റെ മുമ്പിൽ ഉപകാരപ്രദമാക്കിമാറ്റുകയും ചെയ്യുമാറാകട്ടെ.

നമ്മൾ അല്ലാഹുവെ കണ്ടുമുട്ടുന്നതു വരെയും നമ്മെയെല്ലാം ഇസ്ലാം മതത്തിൽ ഉറപ്പിച്ചു നിർത്താനും ഞാൻ അവനോടു തേടുകയാണ്.

മുഹമ്മദ് ബിൻ ഹിസാം അൽബഅ്ദാനി

(ദാറുൽ ഹദീഥ് അസ്സലഫിയ്യ, ദമ്മാജ്, സഅ്ദ, യെമൻ)

# ഉള്ളടക്കം

ഇസ്ലാം അല്ലാഹു നിർബന്ധമാക്കുകയും തൃപ്തിപ്പെടുകയും ചെയ്ത മതം .................... 2
ഹൃദയവിശാലതയും മനസ്സമാധാനവും ........................................................................ 3
സ്വർഗപ്രവേശനത്തിന് അർഹത ................................................................................ 4
അല്ലാഹുവോടും പ്രവാചകനോടുമുള്ള ബാധ്യത ......................................................... 6
മാതാപിതാക്കളോടുള്ള ബാധ്യത, ഭരണാധികാരികളും പ്രജകളും തമ്മിലുള്ള കടമകൾ . 7
നീതി നിഷ്ഠ..............................................................................................................8
അയൽവാസികൾ, അഥിതികൾ, ഇതര മുസ്ലിംകൾ തുടങ്ങിയവരോടുള്ള ബാധ്യതകൾ.......................................................................................................9
വിവാഹം അനുവദിക്കുകയും വ്യഭിചാരം വിലക്കുകയും ചെയ്തു ...............................10
അവശരെ സഹായിക്കലും അന്യരുടെ അവകാശങ്ങളെ ആദരിക്കലും..........................11
പുണ്യത്തിൽ പരസ്പരം സഹകരിക്കുക
സ്ത്രീകളുടെ സംരക്ഷണം
അധ്വാനത്തിന്റെ മഹത്വം.............................................................................................12
കള്ളവും ചതിയും അക്രമവും ജാതി ചിന്തകളും വിലക്കി......................................13
കുടുംബത്തിനു മത വിദ്യാഭ്യാസം നൽകുക, അന്യരോടു ഗുണകാംക്ഷ പുലർത്തുക, ഭിന്നത വെടിയുക...............................................................................................14
രണ്ടു സാക്ഷ്യ വചനങ്ങൾ.............................................................................16
അഞ്ചു നേരത്തെ നമസ്കാരം
സകാത്ത് അഥവാ നിർബന്ധ ദാനം
റമദാനിലെ വ്രതം
ഹജ്ജ്......................................................................................................17
അല്ലാഹുവിലുള്ള വിശ്വാസം.........................................................................18

മലക്കുകളിലുള്ള വിശ്വാസം....................................................................19

വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം..........................................................19

പ്രവാചകന്മാരിലുള്ള വിശ്വാസം...........................................................20

അന്ത്യദിനത്തിലുള്ള വിശ്വാസം.............................................................21

വിധിയിലുള്ള വിശ്വാസം........................................................................22

സത്യമതത്തിൽ ഉറച്ചു നിൽക്കാൻ ചില മാർഗനിർദേശങ്ങൾ...............................24

ഉള്ളടക്കം.............................................................................................27